സാഹിത്യമഞ്ജരി

8

വള്ളത്തോൾ

സാഹിത്യമഞ്ജരി

(എട്ടാം ഭാഗം)

VALLATHOL GRANDHALAYAM
CHERUTHURUTHY

ഗ്രന്ഥകർത്താ:

വള്ളത്തോൾ

ആറാം പതിപ്പ്
കോപ്പി 1000

വില
1ക. 50 ന.പ.

പകർപ്പവകാശം: സി. വാസന്തിയമ്മയ്ക്ക്.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1965 ജൂലായ്

അച്ചടി
വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
ചെറുതുരുത്തി.

വിഷയവിവരം

നമ്പ്ര്		പേജ്
1.	ഇരുളിൽനിന്നു്	5
2.	പാംസുസ്നാനം	14
3.	വിശ്രമസുഖം	22
4.	മറിമായം	26
5.	എൻെറ പ്രയാഗസ്നാനം	33
6.	നിത്യകന്യക	40
7.	പനിനീർപ്പൂവും പൈതലും	53
8.	മണൽക്കാററു്	57
9.	ഒരു വിവാഹോത്സവം	65
10.	പെററമ്മേ, പ്രസീദ!	72
11.	ഇന്നത്തെ നിഘണ്ടുവിൽ	79
12.	നിലനില്പ്	83

സാഹിത്യമഞ്ജരി

(എട്ടാം ഭാഗം)

1. ഇരുളിൽനിന്നു്

(കേക)

ആവലിൻ ചിറകുക-
ളിളകീ കൂടെക്കൂടേ;
രാവിനെങ്ങോട്ടോ പോകാൻ
വാഹനമിവയാമോ!
മൈത്രിയാൽപ്പേർത്തും പേർത്തും
വിടചോദിച്ചീടിന
രാത്രിയോടനുമതി-
മൂളിയ മൂങ്ങക്കൂട്ടം,

1105 വൃശ്ചികത്തിൽ എഴുതിയതു്.

1. ആവലുകൾ പുലരാൻകാലമാവുമ്പോൾ, വൃക്ഷങ്ങളിലെല്ലാ നിരനിരയായി പറക്കാറുണ്ടല്ലോ; അതിനെ, രാത്രിക്കു പോകാനുള്ള വാഹനമാണെന്നു് ഉൽപ്രേക്ഷിക്കുന്നു. മൈത്രി...മൂങ്ങക്കൂട്ടം—പേർത്തും പേർത്തും വിടചോദിച്ചീടിന എന്നതുകൊണ്ടു് വിട്ടുപിരിയുന്നതിലുള്ള മടി ധ്വനിക്കുന്നു. അനുമതിമൂളിയ മൂങ്ങകളുടെ മൂളലിനെ രാത്രിക്കു പോകാനുള്ള മൂളലായി അധ്യവസായം ചെയ്തിരിക്കുന്നു. അല്ലക...പൊത്തുകളിലും=ഇരുട്ടുമായി ഇടപഴകിശ്ശീലിച്ച മൂങ്ങകൾ, അല്ലകന്നു് (ഇ

അല്പകന്നക്കജ്ജ്യോതി-
　　സ്സണഞ്ഞപ്പൊഴോ, കൺകെ-
ല്പില്ലാഞ്ഞു പതുങ്ങുന്നു
　　വല്ല പൊത്തുകളിലും.
എന്തമസ്സിനെ യാത്ര-
　　യയപ്പാനൊരുങ്ങാറു-
ണ്ടന്തരാന്തരാ ഞാനും
　　തന്നെത്താൻ മറക്കയാൽ:
സന്തതചിത്തേജസ്സ,
　　സൂര്യ്യന്നുമൊരു സൂര്യ്യൻ
നിന്തിരുവടി കാലേ
　　പ്രത്യക്ഷീഭവിച്ചെന്നാൽ

തുട്ടകന്ന്) അക്കജ്ജ്യോതിസ്സ് (=സൂര്യ്യപ്രഭ) അണഞ്ഞപ്പോൾ, കണ്ണിന്നു കെല്പില്ലാതെ—വെളിച്ചം കാണാൻ കണ്ണിന്നു ശക്തിയില്ലാതെ—ഏതെങ്കിലും പൊത്തുകളിൽപ്പോയി ഒളിക്കുന്നു. ഇങ്ങനെയാണ്, അല്പമായി—അജ്ഞാനവുമായി—ഇടപഴകിയ കൂട്ടർ വെളിച്ചം കാണുമ്പോൾ—പരമമായ ജ്ഞാനത്തിന്റെ ദീപ്തിയുമായി ഏററുമുട്ടുമ്പോൾ—സംഭവിക്കുക എന്ന് കവി തന്റെ അനുഭവത്താൽ കാണിക്കുന്നു: എന്തമസ്സിനെ—എന്റെ ഇരുട്ടിനെ—മുററിന അജ്ഞാനത്തെ. അന്തരാന്തരാ=കൂടെക്കൂടെ. ഞാനും തന്നെത്താൻ മറക്കയാൽ—വെളിച്ചത്തോടിടപെടാൻ പോരാത്തവനാണെന്നതു വിസ്മരിക്കയാൽ. സന്തതചിത്തേജസ്സ്=സനാതനമായ ബ്രഹ്മതേജസ്സ്. സൂര്യ്യന്നുമൊരു സൂര്യ്യൻ—ലോകത്തിന്നു വെളിച്ചംകൊടുക്കുന്ന സൂര്യ്യന്നുതന്നെയും വെളിച്ചം കൊടുക്കുന്ന ഒരു സൂര്യ്യനാണ്, ഈ സനാതനബ്രഹ്മതേജസ്സ്; അങ്ങിനെയുള്ള നി.

എന്തൊരു നിലയിലായ്-
പ്പോയേയ്ക്കുമന്നേരത്തു
ഹന്ത, മററൊരു മൂങ്ങ-
യായ ഞാനശക്താക്ഷൻ! 1

കാണുകിലതോടൊപ്പം—
വയ്യാ—മേ കടുംപേടി:
ഞാനൊരു തമഃപ്രാണി,
നിന്മുഖം ദീപ്താൽ ദീപ്തം.
അങ്ങയെക്കാണേണമെ-
ന്നില്ലെനിയ്ക്കു;-വിടുന്നു-
ണ്ടെങ്ങുമെന്തിലുമെന്നു
കേട്ടിരിപ്പതേ പോരും.

ന്തിരുവടി, കാലേ(=സമയത്ത്) പ്രത്യക്ഷീഭവിച്ചെന്നാൽ—പ്രത്യക്ഷനായാൽ—അശക്താക്ഷനായ (കൺകെല്പില്ലാത്ത) ഞാൻ—ആ ദീപ്തിയുടെ നേർക്കു നോക്കാൻതക്കവണ്ണം കണ്ണിനു ശക്തിയില്ലാത്ത മററൊരു മൂങ്ങയായ ഞാൻ എന്തൊരു വിഷമാവസ്ഥയിലാവും അകപ്പെടുക! മററൊരു മൂങ്ങയായ ഞാൻ—സാധാരണ മൂങ്ങയെപ്പോലെതന്നെ തനിയ്ക്കു ഇരുട്ടുമായുള്ള അടുപ്പത്തെ വ്യഞ്ജിപ്പിയ്ക്കുന്നു.

2. കാണുകിലതോടൊപ്പം—കണ്ടാൽ അതോടൊപ്പം തനിയ്ക്കുണ്ടായേയ്ക്കാവുന്ന വൈവശ്യത്തെ സൂചിപ്പിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ, താനൊരു തമഃപ്രാണിയാണ്, ഇരുട്ടിൽ കഴിഞ്ഞുകൂടുന്ന ജീവിയാണ്. നിന്മുഖം ദീപ്താൽ ദീപ്തം—അങ്ങയുടെ മുഖമാവട്ടേ, ഉജ്ജ്വലമായവയിൽവെച്ച് ഉജ്ജ്വലവുമാണ്! പിന്നെ തനിയ്ക്കെങ്ങനെ പേടിയില്ലായിരിയ്ക്കും? അതിനാൽ എനിയ്ക്കങ്ങയെ നേരിട്ടു കാണണമെന്നാഗ്രഹമില്ല. അവിടുന്ന

ഈയിവൻ മേറ്റം മഹാ-
ഗോളത്തിനെക്കാളനേ-
കായിരമിരട്ടിയാണെവ-
തൻ വലുപ്പം പോൽ,'
നക്ഷത്രസമാഖ്യങ്ങ-
ളദ്ദിവ്യഗോളങ്ങൾ നി-
ന്നക്ഷയമഹസ്സിൻെറ
കൊച്ചുതുണ്ടുകളല്ലോ.
അവയുണ്ടിരുളിൽ മേ
വിശേഷം, വെളിച്ചത്തി-
ന്ന;-വതൻ ശേഷക്കാരി-
ങ്ങുണ്ടു ഖദ്യോതങ്ങളും.
ഇരുളേ, വത്തിയ്ക്കു നാം
തങ്ങളിൽപ്പിരിയാതേ;

എല്ലായിടത്തും എല്ലാററിലുമുണ്ടെന്നു കേട്ടിട്ടുള്ളതുകൊണ്ടുതന്നെ ഞാൻ തൃപ്തനാണ്. ഈയിവൻ... ഗോളങ്ങൾ—ഭൂമിയെക്കാൾ എത്രയോ ആയിരം ഇരട്ടി വലുപ്പമേറിയവയാണ് നക്ഷത്രങ്ങളെന്നു പ്രസിദ്ധം. നക്ഷത്രസമാഖ്യങ്ങൾ=നക്ഷത്രങ്ങളെന്നു പേരുള്ള. അക്ഷയമഹസ്സ്—നാശമില്ലാത്ത തേജസ്സ്. സനാതനമായ ബ്രഹ്മതേജസ്സിൻെറ ചെറിയ തുണ്ടുകളാണ് നക്ഷത്രങ്ങളെന്ന്. അവയുണ്ടി......വെളിച്ചത്തിന്ന്—ഇരുട്ടിൽ എനിയ്ക്കു വെളിച്ചം കാട്ടിത്തരാൻ അവിടുത്തെ അനശ്വരതേജസ്സിൻെറ ഈ കൊച്ചുതുണ്ടുകൾ മതി; പോരെങ്കിൽ,... അവതൻ...ഖദ്യോതങ്ങളും—അവയുടെ ശേഷക്കാരായ (ചാർച്ചക്കാരായ) ഖദ്യോതങ്ങ(മിന്നാമിനുങ്ങുക)ളുമുണ്ട്.

വരുവാൻ ക്ഷണിച്ചീട-
    ന്നില്ല ഞാൻ വെളിച്ചത്തെ.
പകലും രാവും തമ്മി-
    ലെത്രയ്ക്കുണ്ടൊരു ഭേദം?
പ്രകൃതീശ്വരി, തൻെറ
    പൈതലാമുലകത്തെ
തെല്ലിട വെളുപ്പുട-
    പ്പിട്ടവിച്ചിരുത്തട്ടേ;
തെല്ലിട കറുപ്പുട-
    പ്പിട്ടവിച്ചിരുത്തട്ടേ.
എങ്കിലും ഭവാനൊരു
    ഭാഗ്യവാൻ വെളിച്ചമേ:
വെൺകളിയിടുന്നു നിൻ
    കീർത്തി ദിഗ്ഭിത്തികളിൽ.

3. അഥവാ, രാവും പകലും തമ്മിൽ അത്രവലിയ വ്യത്യാസമൊന്നുമില്ല. അതിനാൽ, ഇരുളേ.....വെളിച്ചത്തെ—കവി ഇരുട്ടിനോട്ട പറയുന്നു, നാം തമ്മിൽ ഒരിക്കലും വേർപിരിയാതിരിക്കുക. വെളിച്ചത്തെ ഞാൻ ക്ഷണിച്ചുവരുത്തുന്നില്ല. എന്തുകൊണ്ടു വ്യത്യാസമില്ലെന്നു പറയുന്നു: പ്രകൃതീശ്വരി തൻെറ പൈതലായ ഉലക(ലോക)ത്തെ തെല്ലുനേരം വെളുപ്പുടുപ്പിട്ടവിച്ചിരുത്തട്ടെ; തെല്ലുനേരം കറുപ്പുടുപ്പിട്ടവിച്ചിരുത്തട്ടെ—ഇതിന്ന് എത്രകണ്ടുണ്ട് വ്യത്യാസം? കേവലം ഉടുപ്പിൻേറതുമാത്രം. ആന്തരമായ വസ്തുവിന്ന് ഇതുകൊണ്ടു വ്യത്യാസമൊന്നും വരുന്നില്ലല്ലോ. എങ്കിലും—വാസ്തവം ഇതൊക്കെയാണെങ്കിലും വെളിച്ചം ഒരു ഭാഗ്യവാനാണ്—വെളിച്ചത്തിൻെറ കീർത്തി ദിക്കുകളിൽ വെണ്മ പൂശുന്നതാണല്ലോ!

ഇരുളോ, നേരേമറി-
ച്ചകീർത്തിയ്ക്കുപമാനം;
നരരീ നിർഭാഗ്യങ്ങൾ-
ക്കണ്ണടയ്ക്കയേ ചെയ്യൂ.
പൂങ്കോഴിപ്പരിഷതൻ
കാഹളംവിളികളാൽ-
പ്പൂരിതദിഗന്തമായ്-
പ്പുറപ്പെട്ടീടും പകൽ
ജീവിതപ്പോരിന്നിറ-
ക്കുന്നു ലോകത്തെ;-ശ്ശാന്ത-
ഭാവമാം രാവോ, സുഖ-
വിശ്രമം പൂകിയ്ക്കുന്നു.

ഇരുളോ.........ഉപമാനം=അകീർത്തിയെ എല്ലാവരും ഇരുട്ടിനോടുപമിയ്ക്കുന്നു. (കീർത്തി വെളുത്തതും അകീർത്തി കറുത്തതുമെന്നു കവിസങ്കേതം) നരരീ............ചെയ്യൂ—ഈ ഭാഗ്യംകെട്ടഇരുട്ടിന്റെ നേരെ ആളുകൾ കൺമിഴിക്കില്ല. ഇരുളിൽ (രാത്രിയിൽ) ആളുകൾ ഉറങ്ങുകയാണല്ലോ. പൂങ്കോഴി...............പകൽ=നേരം വെളുക്കുന്നത് കോഴികളുടെ കൂകലോടെയാണല്ലോ; അതിനെ കാഹളംവിളിയായി കല്പിച്ചിരിയ്ക്കുന്നു. പൂരിതദിഗന്തം=ദിക്കുകളെ നിറച്ചത്. കാഹളംവിളികളാൽ ദിക്കുകളെ നിറച്ചുകൊണ്ടു പുറപ്പെടുന്ന പകൽ ലോകത്തെ ജീവിതപ്പോരിന്നിറക്കുന്നു. (യുദ്ധാരംഭത്തിൽ കാഹളമൂതുക പതിവാണല്ലോ.) ശാന്ത.........പൂകിക്കുന്നു—ഒതുങ്ങിയ മട്ടിലുള്ള രാത്രിയാകട്ടേ, ലോകത്തെ സുഖവിശ്രമം കൊള്ളിയ്ക്കുന്നു. ഒന്നൊന്നായ്.........ചെയ്യുവതല്ലോ—വമ്പിച്ച ലോകത്തെ വെവ്വേറെയായി ഭാഗിയ്ക്കുന്നു; പദാർത്ഥങ്ങളെ വേർതിരിച്ചു കാണിയ്ക്കുന്നു. ഇരുട്ടാകട്ടേ, എ

ഒന്നൊന്നായ്പ്പകുക്കുന്നു
വെളിച്ചമുലകത്തെ;-
യൊന്നാക്കിച്ചമയ്ക്കയാ-
ണിരുൾ ചെയ്യുവതല്ലോ. 3

വളരെശ്ശതാബ്ദങ്ങൾ
മുഴുകിക്കഴിഞ്ഞതല്ലോ,
വെളിച്ചം തേടിത്തേടി-
നടന്നിട്ടിരുളിങ്കൽ;
എത്ര കിട്ടിയാൽ നിങ്ങൾ
തൃപ്തരാം വെളിച്ചത്താൽ?
പ്രത്യഹം തേടുന്നുണ്ടാം
സൂര്യനും വെളിച്ചത്തെ!

ല്ലാററിനെയും ഒന്നാക്കിത്തീർക്കുകയാണു്—യാതൊതരംവ്യത്യാസവും കാണിക്കുന്നില്ല.

4. വളരെ..... രുളിങ്കൽ—മനുഷ്യൻ തന്റെ ആവിർഭാവം മുതല്ക്കേ വെളിച്ചത്തെ തേടി നടക്കുകയാണു്; ചെന്നെത്തുന്നതോ ഇരുട്ടിലും! എത്ര വെളിച്ചം കിട്ടിയാലാണു് മനുഷ്യനു തൃപ്തിവരിക? സൂര്യനും പ്രത്യഹം (പകൽതോറും) വെളിച്ചത്തെ അന്വേഷിക്കുന്നുണ്ടാവാം! പകൽ.....മിളക്കയാൽ—പൂക്കൾ രാവിലെ വികസിക്കുന്നതിനെ രാത്രി ഉറക്കമിളച്ചതുകൊണ്ടുണ്ടായ കോട്ടുവായയായി കല്പിച്ചിരിക്കുന്നു. പകലിന്റെ വരവും കാത്തുകാത്തു് രാത്രിമുഴുവൻ ഉറക്കമിളച്ച പൂക്കൾ പകൽ വന്നാൽ ഉന്മേഷപൂർണ്ണങ്ങളായിത്തീരുകയല്ല കോട്ടുവായിട്ടു മാന്ദ്യം കൊള്ളുകയാണു്. പിന്നെ എന്തിനാണു്, ആളുകൾ വെളിച്ചത്തിന്റെ ആഗമനത്തെ കാത്തുംകൊണ്ടിരിക്കുന്നതു്? ജീവിത......തള

പകൽതന്നുദിപ്പിങ്കൽ–
കോട്ടവായ് കൊൾവൂ പൂക്കൾ,
വികസിപ്പാനായ്
രാവില്ലുറക്കമിളയ്ക്കയാൽ.
ജീവിതത്തിൻെറ ശിരോ–
രേഖ നന്നി,ഷ്ടം കൃച്ഛ്റാൽ
കൈവരുമ്പൊഴെയ്ക്കിതിൻ
കല്യത തളരുന്നു! 4

എങ്ങുനിന്നിവിടത്തിൽ
വന്നു ഞാനി? രുളിൽനി–
ന്നെ;–ങ്ങിനെയുള്ളൊന്നാണ–
തി?–രുമില്ലറിഞ്ഞവൻ;

രുന്നു—ജീവിതത്തിൻെറ വിധി നന്ന്: വളരെ ക്ലേശിച്ച് ഇഷ്ടം സാധിയ്ക്കുമ്പോഴെയ്ക്കു, വെളിച്ചം കുടിച്ച് ചൈതന്യപൂർണ്ണമായിത്തീരാൻ കഴിയുമ്പൊഴെയ്ക്കും ഇതിൻെറ (ജീവിതത്തിൻെറ) കല്യത (ആരോഗ്യം) തളർന്നുപോവുന്നു! ഇരുട്ടിൽനിന്നു വെളിച്ചത്തിലെയ്ക്കു കടക്കാൻ കഴിയുമെന്നാവുമ്പോഴെയ്ക്കു, ജീവിതം വാടിക്കൊഴിയുമെന്നായിത്തീരുന്നു: ഇതാണ് ജീവിതത്തിൻെറ യോഗം!

5. എങ്ങു..............വെളിച്ചം മേ=ഞാൻ ഈ ലോകത്തിൽ എവിടെനിന്നു വന്നു? ഇരുട്ടിൽനിന്നു്. ഈ ഇരുട്ട് എന്നു പറയുന്ന വസ്തുവിൻെറ സ്വരൂപമെന്താണ്? അതൊരാൾക്കും അറിഞ്ഞുകൂടാ. ഞാൻ ഇനി പോകുന്നതോ, ഇരു

എങ്ങോട്ടു നടകൊണ്ടീ-
ടുന്നു ഞാനി?-തുളിലെ-
ക്കു;-ന്തിനാണിടയിൽ വെ-
ച്ചിത്രയും വെളിച്ചം മേ?

ട്ടിലെയ്ക്കു (=മരണം)തന്നെ. ഇതിന്നിടയിൽ എനിയ്ക്കെന്തിനാണ് ഇത്രയധികം വെളിച്ചം? മനുഷ്യൻ ഇരുട്ടിൽനിന്നു—ശൂന്യതയിൽനിന്ന്—പിറന്നു; ശൂന്യതയിലെയ്ക്കുതന്നെ തിരിച്ചുപോവുന്നു. അതിന്നിടയിലുള്ള ഈ ഇഹലോകജീവിതത്തിൻെറ അത്ഥമെന്താണെന്ന ചോദ്യം അവശേഷിയ്ക്കുന്നു.

2. പാംസുസ്നാനം

(ശ്ലോകം)

"ഹാ, കണ്ടതിൽക്കണ്ടതിലീശ്വരത്വം
കല്പിച്ചു കല്പിച്ചു നടന്നൊടുക്കം,
നിരീശ്വരത്വത്തിലടിഞ്ഞു വീണൂ;
നിരസ്തവിശ്വാസരറേബിയക്കാർ! 1

കുരുമ്പു മാറാത്ത കുറൈഷിവൃന്ദ-
ക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
'ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ല, ള്ളാവു സർവ്വാതിഗശക്തനേകൻ.' 2

ഇവർക്കിരുട്ടേ പ്രിയമിത്രം:-ഊതി-
ക്കെട്ടുകയായ്, കൈത്തിരികൊണ്ടുചെന്നാൽ;
മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിക്കാത്ത തമസ്സിതേതോ! 3

1116 ചിങ്ങമാസത്തിൽ എഴുതിയത്.

1. നിരസ്തവിശ്വാസർ=വിശ്വാസം വിട്ടവർ. അറേബിയക്കാർ ആദ്യകാലത്തു കണ്ണിൽക്കണ്ടതിലൊക്കെ ഈശ്വരത്വം കല്പിച്ച്, ഒടുവിൽ, ഈശ്വരവിശ്വാസികളല്ലാതായിത്തീൎന്നു.

2. കുറൈഷി—ഒരു വർഗ്ഗത്തിന്റെ പേർ. സർവ്വാതിഗശക്തൻ=എല്ലാററിനെയും കവിയുന്ന ശക്തിയുള്ളവൻ.

3. ഊതി.........ചെന്നാൽ—കൈത്തിരി (ജ്ഞാനം) കൊണ്ടുചെന്നാൽ ഊതിക്കെടുത്തുന്നു. ഇക്കൂട്ടർക്കു ഇരുട്ടാണ്, ഉററചങ്ങാതി. തമസ്സ്=ഇരുട്ട്, അജ്ഞാനമെന്നും. സാധാരണ തമസ്സു മിന്നാമിനുങ്ങിൻവെളിച്ചത്തെ കൈക്കൊള്ളുന്നുണ്ടല്ലോ.

കലാവിശേഷം കൊലയിബ്ബലോഗ്ര-
ക്കി;-ത്തൃഡ്വശന്മാർക്കെരികള്ളിലുംപാൽ;
പിശാചർ വംശേശ്വരരിക്കുഭക്ത-
ക്കി,-തിൽക്കവിഞ്ഞെന്തവിവേകമുള്ളു? 4

കഷ്ടാവമാനങ്ങളിൽ വീഴ്ത്തിടുന്നു
കാമാതിരേകാൽക്കുലനാരിമാരെ;
ആരാധ്യമാരാമവരമ്മപെങ്ങ-
ന്മാരെന്നു കാണ്മാനിവർ കൺമിഴിയ്ക്കാ! 5

മൃഗോപമന്മാർ പെരുമക്കൃഷിയ്ക്കു
നുകങ്ങൾ വെപ്പൂ, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കുടുക്കി-
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നു! 6

സൌധങ്ങൾതോറും സമസൃഷ്ടദുഃഖ-
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കി,

4. കലാ.....ബലോഗ്രക്ക്=ഈ കരുത്തന്മാരുടെ കലാവിദ്യ കൊലപാതകമത്രേ. തൃഡ്വശന്മാർ=തൃട്ടിന്നു (തൃഷ്ണയ്ക്കു, ദാഹത്തിന്നു എന്നും) അടിപെട്ടവർ. ഈ കുഭക്തക്ക് പിശാചുക്കളാണ് വംശേശ്വരർ=കുലദേവതകൾ. അവിവേകം=വിവേചനബുദ്ധിയില്ലായ്ക.

6. മൃഗോപമന്മാർ—അവരാണ്, കന്നാലികൾപോലെ നുകംവെയ്ക്കപ്പെടേണ്ടുന്നവർ. പെരുമക്കൃഷി=ദമ്മ വിളയിയ്ക്കൽ. സഗർഭ്യർ=സഹോദരർ.

7. അനേക......പുണർന്ന—വേശ്യാസംഗമത്തെ സൂചി

അനേകദുർവൃത്തികളെപ്പുണൎന്നു
രമിയ്ക്കയാണി,സ്സുഖലോലുപന്മാർ! 7

അശക്തമാമെന്നുടെ ഹസ്തമെങ്ങീ;-
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിയ്ക്കകത്താഴമൊരാനയെപ്പോയ്-
പ്പിടിച്ചുകേററാൻ കുഴിയാനതാനോ! 8

കരുത്തനമ്മാമന,മാത്മനാഥ
കദീജയും കീർത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ;-ൻ ചുററുമൊരെട്ടുപത്ത-
ല്ലെ,ൻചോരയിൽത്തൃഷ്ണ വളൎന്ന ഖഡ്ഗം!" 9

ഇതൊക്കെയാവാം നിനവാ,യിരത്തി-
മുന്നൂറുകൊല്ലത്തിനു മുമ്പൊരിയ്ക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ. 10

പ്പിയ്ക്കുന്നു. സുഖലോലുപന്മാൎക്കു പനിനീർതളിയ്ക്കലും മററും വേണമല്ലോ; ഇവർ സമസൃഷ്ടരുടെ ദുഃഖബാഷ്പത്തെയാണ് പനിനീരായി ഉപയോഗിയ്ക്കുന്നത്.

8. അധഃസ്ഥിതോദ്ധാരണം=താഴെ നില്ക്കുന്നവരെ മേല്പോട്ടുയർത്തൽ. തന്റെ വിനയം സൂചിപ്പിയ്ക്കുന്നു.

9. ആത്മനാഥ=പ്രിയപത്നി. കീർത്ത്യവശേഷർ—കീർത്തിമാത്രം അവശേഷിച്ചവർ—മരിച്ചുപോയവർ. എട്ടു...ഖഡ്ഗം=തന്നെക്കൊല്ലുവാൻ എട്ടുപത്തു വാളുകളല്ല തക്കം പാ

''കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു-
മിദ്ധർമ്മസസ്യത്തെ നനച്ചുനോക്കും:
ആ മാതൃകാകർഷകനായ ക്രൂസ്തു-
വവ്വണ്ണമല്ലോ ഭുവി ചെയ്തു കാട്ടി. 11

അധൈര്യമേ, നിൻകെട്ടമഞ്ഞു വീഴാ-
യ്ക,ഹമ്മദിൻ സജ്വരമായ നെഞ്ചിൽ:
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല,വനിപ്രയത്നം! 12

ഇത്തീർപ്പു പേർത്തും മുറുകീ, മഹാന്റെ
പാഴ്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ-
ർക്കുച്ചൈർഗ്ഗതിക്കുള്ള ചവിട്ടുകല്ലാം. 13

പെട്ടെന്നു പാർശ്വങ്ങളിൽനിന്നു—ഹാ, ഹാ—
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ,

11. ചോര......നനച്ചുനോക്കി—വേണ്ടിവന്നാൽ ഈ ധർമ്മം പുലർത്താനായി ജീവൻപോലും കളയും. ക്രൂസ്തു—കരിശേററം ഓർക്കുക.

12. ജ്വരം=ധർമ്മഭ്രംശം കണ്ടിട്ടുള്ള സന്താപം. ജ്വരത്തിൽ (=പനിയിൽ) മഞ്ഞേററുകൂടല്ലോ. മുഹമ്മതിനെ അഹമ്മദെന്നും വിളിച്ചിരുന്നു.

13. പരിക്ലേശം=ബുദ്ധിമുട്ട്. പാഴ്ചൊല്ല്=അസത്യഭാഷണം. ഉച്ചൈർഗ്ഗതി=മേല്പോട്ടു പോകൽ; ഉന്നതി.

14. മുഷ്കരന്മാർ=മുഠാളന്മാർ. നന്ദിയുള്ളവരാണെങ്കിൽ

കൃതജ്ഞരെങ്കിൽ, കനകാഭിഷേകം
ചെയ്യേണ്ടതാമീഗ്ഗുരുവിൻ ശിരസ്സിൽ! 14

രജസ്തമോദോഷമകററി നാട്ടിൽ-
സ്സത്ത്വം പരത്തുന്നൊരു സത്യവാനെ,
രജസ്സു വഷിച്ചു നിറംകെടുത്താ-
നൊരുങ്ങിപോൽ, മത്ത്യകുലേ പിറന്നോർ! 15

മറെറന്തു, മന്നിൻ നിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ;-
മവിദ്യതൻ മൂടലിലായ് വിബോധം! 16

വിജ്ഞാനഗർഭം തിരുമൌലി തൊട്ടു
സന്മാർഗ്ഗസഞ്ചാരി പദംവരെയ്ക്കും

ഈ ആചാര്യനു കനകാഭിഷേകം ചെയ്യേണ്ടുന്ന കൂട്ടർ അദ്ദേഹത്തിൻെറ തലയിൽ മണ്ണു കോരിയിടുകയാണുണ്ടായതു്!

15. രജസ്സ്=രജോഗുണം; പൊടി എന്നും. സത്ത്വം=സത്ത്വഗുണം. നാട്ടിൽ രജസ്തമോദോഷങ്ങളകററി, സത്ത്വഗുണത്തിൻെറ വെണ്മ പരത്തിപ്പോന്ന ഈ സത്യസന്ധൻെറ മേൽ പൊടി കോരിച്ചൊരിഞ്ഞു നിറംകെടുത്താൻ ശ്രമിച്ചവരും മനുഷ്യരാണുപോൽ!

16. മറെറന്തു=ഇതിൽ മറെറാന്നും പറയാനില്ല; പ്രാവൃതം=മൂടപ്പെട്ടതു്. അവിദ്യ=അജ്ഞാനം. വിബോധം=ജ്ഞാനം. നിഴൽപററിയ ചന്ദ്രനും മററും പോലെയായി, മണ്ണിൽ കുളിച്ച മുഹമ്മതു്.

17. വിജ്ഞാന......വരെയ്ക്കും=ജ്ഞാനത്തിൻെറ വിളിനലമായ ശിരസ്സുതൊട്ടു സന്മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന

പാംസൂൽക്കരം പററിയ ശുദ്ധിമാനെ-
പ്പാർത്തങ്ങു തെമ്മാടികൾ കൂക്കിയാർത്തു: 17

"അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി-
ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൌമൻ;
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും;
വാഴട്ടെ,യിസ്ലാം തിരുമേനി നീണാൾ! 18

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി,ത്തിരുവങ്കഴുത്തിൽ
ഒരൊട്ടകത്തിൻ കുടർമാല ചാർത്തി-
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം! 19

മദോന്നതം, മറെറാരു യേശുവാമീ
മതാധിരാജന്റെയുമുത്തമാംഗം

കാൽവരെയ്ക്കും. പാംസൂൽക്കരം=പൊടിപ്പടലം. ശുദ്ധിമാൻ—പൊടികൊണ്ടു മൂടിയിട്ടും അദ്ദേഹം ശുദ്ധിമാനായിരുന്നു!

18. അഭിഷിക്തൻ=അഭിഷേകം ചെയ്യപ്പെട്ടവൻ. മതസാർവ്വഭൌമൻ=മതത്തിന്റെ ചക്രവർത്തി. ജയശബ്ദം—ചക്രവർത്തിയുടെ അഭിഷേകം കഴിഞ്ഞാൽ ജയഘോഷം വേണമല്ലോ. അവർ പരിഹസിക്കുകയാണ്.

19. നരസ്നേഹി=മനുഷ്യസ്നേഹി. ഒരിക്കൽ നമസ്കരിക്കുന്ന മുഹമ്മദിന്റെ കഴുത്തിൽ തെമ്മാടികൾ ഒട്ടകക്കുടർമാല കൊണ്ടിടുകയുണ്ടായി.

20. മദോന്നതം=ഗർവ്വംകൊണ്ടുയർന്നത്; ഉത്തമാംഗത്തിന്റെ വിശേഷണം. ഉത്തമാംഗം=തല. കൃസ്തുവിന്നെയെ

ശ്രീമുൽക്കിരീടാർപ്പണയോഗ്യമല്ലോ;
കത്സവൃകർമ്മങ്ങളിൽ മന്ദർ നമ്മൾ!" 20

ഊഢധൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്ത്വൻ,
മണ്ണിൽക്കളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി. 21

ആമൂർദ്ധപാദം പൊടിമൺപുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടേ
താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നു
തണ്ണീർക്കുടംകൊണ്ടു,ഴലാണ്ട പുത്രി: 22

പിടിച്ചിരുത്തി,ച്ചളി പോക്കുവാനായ്-
പ്പകർന്ന കുംഭോദകമോട്ടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചു,
കുമാരിയാൾത്തൻ ചുടുകണ്ണുനീരും. 23

ന്നപോലെ മുഹമ്മദിനെയും തിരുമുൽക്കിരീടം ചൂടിക്കുവാൻ നമ്മൾ മന്ദർ (=ഉത്സാഹരഹിതർ) തന്നെ!

21. മുഖാഭ=മുഖത്തിന്റെ ശോഭ. അഭംഗസത്ത്വൻ=മുറിപ്പെടാത്ത മനക്കരുത്തോടുകൂടിയവൻ. മണ്ണിൽ......കണക്കെ—ആനയ്ക്കു മണ്ണിൽ കുളിച്ച ഭാവമേ, നബിയ്ക്കു പൊടിയിൽ മുഴുകിയതിനാലുണ്ടായുള്ളൂ. മന്ദം—ആരെങ്കിലും കണ്ടാലോ എന്നു ശങ്കിച്ചു സ്വഗൃഹത്തിലേയ്ക്കു വെമ്പിനടന്നില്ല; പതുക്കെയേ നടന്നുള്ളുവെന്ന്.

22. ആമൂർദ്ധപാദം=മുടിമുതൽ അടിവരെ.

ഫാലാന്ത കേശം മകളെത്തലോടി-
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:-
“നിന്നപ്പനെക്കാത്തരുളാതിരിക്കി-
ല്ലുള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!” 24

23. കുംഭോദകം=കുടത്തിലെ വെള്ളം, ഗാത്രങ്ങൾ=അവയവങ്ങൾ.

3. വിശ്രമസുഖം

(കേക)

1. പട്ടണപ്രാന്തത്തിലെ-
പ്പാഴിടവഴിയൊന്നിൽ:-
ദ്ദൃഷ്ടമായൊരു കരി-
ങ്കല്ലിന്മേലിരുന്നുടൻ
പെട്ടിതന്നടിയിൽനി-
ന്നൊരു വെൺകടലാസ്സിൻ
കെട്ടെടുത്തരികത്തായ്
വെച്ചിതത്തരുണിയാൾ.
കെട്ടിൽനിന്നൊരു ലേഖ-
മെടുത്താൾ, വായിച്ചാളെ,-
ന്നിട്ടതെമ്പാടും ചീന്തി-
ച്ചീന്തിയാ നിലത്തിട്ടാൾ;
എട്ടുപത്തുരുവല്ല-
ങ്ങിതെത്തൊഴിലാവർത്തിച്ച-
തൊ, ട്ടൊട്ടു വിറക്കൊണ്ട
കൈവിരൽകളാലവൾ.

1112 തുലാം മാസത്തിൽ എഴുതിയതു്.

1. പട്ടണപ്രാന്തം=പട്ടണസമീപം. പാഴിടവഴി=അധികം ആൾപ്പെരുമാററമില്ലാത്ത വഴി. ലേഖം=എഴുത്തു്. പ്രദേഷം=വൈരം. ഇഷ്ട......ഖണ്ഡ്യൌഘംപോലെ-അവിടെ കുന്നുകൂടിയ കടലാസ്സുതുണ്ടുകൾ കണ്ടാൽ, ഇഷ്ടപൂരുഷനു

പ്രേയാൻെറ നാനാകാമ-
ലേഖനങ്ങളവ പേർത്തും
വായിക്കപ്പെട്ടുപ്പോരി-
ച്ചമഞ്ഞു തൽഗന്ധത്തിൽ;
ആയതാ പ്രണയത്തിൻ
പനിനീർപ്പൂവോ, പിമ്പു-
ണ്ടായൊരീ പ്രദേഷത്തിൻ
ചിർട്ടക്കിനൽ താനോ?
ചെററുനേരത്താൽ.ക്കട-
ലാസ്സുതുണ്ടുകളുടെ
പുറെറാന്നു പൊങ്ങിക്കാണായ്
കാമിനിയുടെ കാല്ക്കൽ,
ഇഷ്ടപൂരുഷനുടെ
ചതിയാൽദ്ദഹിപ്പിക്ക-
പ്പെട്ട തൻപ്രേമത്തിൻെറ-
യസ്ഥിഖണ്ഡൌഘംപോലെ.

2. അക്കാലംവരെയ്ക്കേതോ
ദിവ്യമാം നിധിപോലെ
വെയ്ക്കപ്പെട്ടവയാമീ
പ്രേമപത്രികകളെ

ടെ, പ്രിയൻെറ ചതിയാൽ ദഹിപ്പിക്കപ്പെട്ട സപ്രേമത്തിൻെറ എല്ലിൻകഷ്ണങ്ങളാണെന്നു തോന്നും. പ്രിയൻ ചതിച്ചതിനാൽ അവളുടെ പ്രേമം വെന്തടിഞ്ഞുപോയി!

കാററിനു പറപ്പിപ്പാൻ
വഴിയിലിട്ടേച്ചെഴ-
ന്നേററാശു നടകൊണ്ടാൾ
പെട്ടിയുമെടുത്തവൾ.
ഒട്ടിടം കടന്നപ്പോ-
ഴെയ്യുമോരാതേ മുന്നിൽ-
പ്പെട്ടിതു വധൂമണി-
യ്ക്കാമലേഖക്കാരൻ;
പെട്ടെന്നു തീപ്പാറുന്ന
കണ്ണോട്ടമവളര-
ക്കെട്ടിൽനിന്നൊരു കൈത്തോ.
ക്കെടുത്തു നീട്ടിക്കൊണ്ടാൾ:
"നില്ല,നില്ലി,നീയെങ്ങും
നടക്കാ, വാഗ്ദാനങ്ങ-
ളുല്ലംഘിച്ചിതിൻവണ്ണം
സ്ത്രീകളെ ദ്രോഹിപ്പാൻ നീ"
ഉണ്ടയേല്ക്കാതേതന്നെ
ചത്തവൻപോലായ് നില-
ക്കൊണ്ടിതു മരവിച്ച
മെയ്യൊടപ്പേടിത്തൊണ്ടൻ.
എന്നാലോ വെടി തീന്നി-
ല,ബലാവിദ്രോഹിതൻ

2. പ്രേമപത്രികകൾ=പ്രണയലേഖനങ്ങൾ. കാററിനു പറപ്പിപ്പാൻ—ആ പ്രേമത്തിൻെറ നിസ്സാരതയെ വ്യഞ്ജിപ്പിയ്ക്കുന്നു. ഓരാതേ=ഓക്കാതെ; യദൃച്ഛയാ. അബലാവിദ്രോ

നിന്ദ്യഹൃദ്രക്തം തീണ്ടീ-
ല്ലൂഴിയെ;—യതിന്മുന്നേ,
മങ്കതൻമൃണാളികാ-
മഞ്ജുളമക്കൈത്തണ്ട
മററൊരു യുവാവിൻെറ
മുഷ്ടിയിലടങ്ങിപ്പോയ്.

3\. ഭൂരിയാം പ്രതികാരോ-
ൽക്കണ്ഠയും വധചിന്താ-
ഭാരവും ഭേസിപ്പാന്ന
സാധ്വിതൻ ശിരസ്സുതാ,
ഘോരമപ്പാപം പററാ-
താക്കിയ പഥികൻെറ
മാറത്തു താനേ ചാഞ്ഞു
വിശ്രമസുഖം കൊൾവൂ!

ഹി=സ്ത്രീജനദ്രോഹി. മൃണാളികാമംജുളം=താമരവളയംപോലെ മനോഹരം.

3\. ഭൂരി=വദ്ധിച്ച. പ്രതികാരോൽക്കണ്ഠം=പകരം വീട്ടാനുള്ള ഉൽക്കണ്ഠ. വധചിന്താഭാരം=അവനെ എങ്ങിനെ കൊല്ലാമെന്ന ആലോചനയുടെ ഭാരം. ഘോര......കൊൾവൂ—പ്രതികാരോൽക്കണ്ഠയുടേയും വധചിന്താഭാരത്തിൻെറയും കനം താങ്ങാൻ വയ്യാതായ അവളുടെ ശിരസ്സ് ആ പഥികൻെറ (=വഴിപോക്കൻെറ) മാറത്ത് താനേ (=അറിയാതെ) ചാഞ്ഞു വിശ്രമസുഖം കൊള്ളുകയായി. ആ നരഹത്യാപാപം പററാതാക്കിയതിൽ അവൾക്കയാളുടെ പേരിലുണ്ടായ കൃതജ്ഞതയേയും പ്രേമത്തെയും വ്യഞ്ജിപ്പിക്കുന്നു.

4 മറിമായം

(കാകളി)

I

കിട്ടി ഹാ, ദൃഷ്ടിക്കൊരുത്സവം പാന്ഥനു-
മുററിയ വേനൽക്കൊടുംവെയിലേല്ക്കയാൽ;
വററിവരണ്ട വയൽപ്പരപ്പിൻ നടു-
ക്കൊട്ടൊന്നുയർന്നൊരു പച്ചത്തുരുത്തതാ!
ചേലൊക്കമക്കൃഷിക്ഷേത്രത്തിലെച്ചില
പീലിത്തഴകളാം വാഴയിലകളിൽ
മുന്തിത്തിളങ്ങും കസവിട്ടിരുന്നു, മൂ-
വന്തിപ്പകലോൻെറയന്തിമരശ്മികൾ.
മാന്ദ്യമററതോപ്പുമുൾവേലിയിലൂടെ
ഞാന്നൊരു വെള്ളരിവള്ളിയാം കയ്യിനാൽ,
താഴേകിടക്കുന്ന തപ്തമാമൂഴിയെ-
ത്തോഴികണക്കു തലോടി പാർശ്വസ്ഥലേ.

1111 തുലാംമാസത്തിൽ എഴുതിയതു്.

1. വേനലിലെ എരിവെയിലത്തു നടന്നുവലഞ്ഞ പാന്ഥന്നു് പച്ചത്തുരുത്തു (പച്ചപിടിച്ച തോട്ടം) കണ്ടപ്പോൾ, കണ്ണിന്നു് ഒരുത്സവമായിത്തോന്നി. മൂവന്തിപ്പകലോൻ=സായന്തനസൂര്യൻ. കൃഷിക്ഷേത്രം=തോട്ടം; ക്ഷേത്രത്തിൽ തഴകളുണ്ടാകുമല്ലോ. അന്തിമരശ്മികൾ (ഒടുവിലെ കിരണങ്ങൾ) വാഴയിലകളിൽ പതിഞ്ഞതിനെ കസവായി കല്പിച്ചിരിക്കുന്നു. മാന്ദ്യമററ—തഴച്ചുവളന്ന. പാർശ്വസ്ഥലേ=ഒരു വശത്തു്. മുൾവേലിയിലൂടേ താഴത്തെയ്ക്കു ഞാന്ന വെള്ളരിവള്ളി ഭൂമിയെ സ്പർശിക്കുന്നതിനെ തോഴിയുടെ തലോടലിനോടുപമിച്ചിരിക്കുന്നു. തപ്തക്കു (ചൂടേററവക്കു, ദുഃഖിതക്കു) ശുശ്രൂഷ ആവശ്യമാണല്ലോ.

II

വ്യായാമലബ്ധമാം കെല്പ്പ് വിശപ്പിൻെറ
വായിലുൾപ്പൂക്കിത്തുടങ്ങിയ മെയ്യോട്ടം
അന്നന്നു ദുർഭിക്ഷമുള്ളുകൾ തട്ടീയി-
ട്ടങ്ങിങ്ങു കീറിയിരുന്നൊരു മുണ്ടൊട്ടം,
ഏകാന്തനായെന്തോ മനോരാജ്യമേന്തിയ-
ക്കാഴ്ചനിരത്തോട്ടത്തിൽ നിന്നിടുന്നുണ്ടൊരാൾ.
ഇസ്സുസ്യവർഗ്ഗത്തിനച്ഛനവൻതന്നെ:
വത്സലാത്മാവാമവൻെറ പാർശ്വങ്ങളിൽ
കൊച്ചു പൈതങ്ങൾ നിവർത്തിപ്പിടിച്ച തൻ-
പച്ചക്കുടയെ നിരത്തി ചേനച്ചെടി.

III

അക്കർഷകൻെറ പിറകിൽ,പ്പടിഞ്ഞാറു
ദിക്കിൽ വിശാലമാമാകാശഭിത്തിമേൽ,

II

വ്യായാമംമൂലമുള്ള ദേഹബലവും വിശപ്പിനാൽ വിഴുങ്ങപ്പെട്ടു തുടങ്ങിയിരിക്കുന്നു. അന്നന്നു......മുണ്ട്—ഉടുവസ്ത്രം പിഞ്ഞിക്കീറിയിരുന്നതു ദുർഭിക്ഷ(ദാരിദ്ര്യ)ത്തിൻെറ മുള്ളുകൾ (ക്ലേശങ്ങൾ) തട്ടീയിട്ടാണെന്നുൽപ്രേക്ഷ. കൊച്ചു......... ചേനച്ചെടി—ചേനച്ചെടി ഇലകൾ പാത്തി നില്ക്കുന്നതു, കൊച്ചുപൈതങ്ങൾ പച്ചക്കുട നിവർത്തിപ്പിടിച്ചപോലിരിക്കുന്നു.

III

ഉൽക്കൃഷ്ടവർണ്ണങ്ങൾ=മികച്ച നിറപ്പകിട്ടുള്ള. തങ്കത്തകിടു—സന്ധ്യാസമയത്തു പടിഞ്ഞാറുഭാഗത്തു കാണുന്ന

മിക്കഭാഗത്തും പതിയ്ക്കപ്പെട്ടുന്നതു-
ണ്ടുൽക്കൃഷ്ടവർണ്ണങ്ങൾ തങ്കത്തകിട്ടുകൾ
എന്നാൽത്തിരിഞ്ഞുനോക്കീലവൻ, സായാഹ്ന-
മെന്ന ധന്യൻെറയസ്സമ്പൽസ്സമൃദ്ധിയെ;
വാനിൽക്കിഴക്കേവശത്തു വെളിപ്പെട്ട
വാർകരിംകാറിങ്കലായിരുന്നു തദാ,
ജീവനമാത്രൈഷിയാകുമയാളുടെ-
യാവിഷ്കൃതാശങ്ങളാകിയ കണ്ണുകൾ.
പാശ്ചാത്യമാം സ്വർണ്ണമല്ല,യീ നാടന്നു
പൌരസ്ത്യമാമിരിമ്പായിരിയ്ക്കാം പ്രിയം!

IV

ഒട്ടേറെ വിൺവെള്ളിതിങ്ങും കരിമര-
പ്പെട്ടിയെന്നുൽപ്രേക്ഷ്യമായ കാർമേഘമേ,

പൊൻവർണ്ണത്തെ തങ്കത്തകിടായും, സായഹ്നമാകുന്ന ഭാഗ്യവാൻെറ സമ്പത്തായും കല്പിച്ചിരിയ്ക്കുന്നു. ജീവനമാത്രൈഷി=ജീവനത്തെ (വെള്ളത്തെ) മാത്രം ആഗ്രഹിയ്ക്കുന്നവൻ. ആവിഷ്കൃതാശങ്ങൾ=മഴയുണ്ടാകുമെന്ന ആശ ആവിഷ്കരിച്ചവ. പാശ്ചാത്യ........പ്രിയം—പടിഞ്ഞാറൻദിക്കിലെ സമ്പൽസമൃദ്ധിയല്ല—ആഡംബരത്തിലോ പുറംപൂച്ചിലോ അല്ല—കിഴക്കൻ നാട്ടുകളിലെ ഒതുങ്ങിയ ജീവിതമാവാം ഈ നാടൻ കൃഷിക്കാരനു കൂടുതൽ പ്രിയം!

IV

ഒട്ടേറെ വിൺവെള്ളിതിങ്ങും=സ്വർഗ്ഗത്തിലെ വെള്ളി (ഭൂമിയിൽ വർഷിപ്പനുള്ള സ്വച്ഛജലം) നിറച്ച. ഉൽപ്രേക്ഷ്യം=ഉൽപ്രേക്ഷിയ്ക്കാവുന്നതു്. മരകതച്ചാത്തു പരുത്തി

നിന്നുടെ സാഹായ്യമില്ലാതെയീ വരൾ-
മന്നിൽ മരകതച്ഛാത്ത്ര പരത്തിയോൻ
അല്പേതരാനന്ദമോദോപചാരാർഹനെ-
ന്നി,പ്പുമാനെ നയണിയിയ്ക്കുവാൻവേണ്ടിയോ
ഹസ്തങ്ങൾകൊണ്ടു വഹിച്ചിരിയ്ക്കുന്നു നീ,
വൃത്രാരിവില്ലാം വിചിത്രമാല്യത്തിനെ!
വന്ദനം ശ്രീമൻ, ഭവദീയോചിതജ്ഞത-
യ്ക്കു!— നാലിറിയ്ക്കട്ടെ മാല നിൻകയ്യിലേ:
കുമ്പളപ്പന്തൽച്ചുവട്ടിൽപ്പണിയ്ക്കിരി-
യ്ക്കുമ്പോളതിൻവള്ളി തോളിൽപ്പതിഞ്ഞതേ
മാലയായിട്ടണിഞ്ഞിട്ടുള്ളു തൻ ജീവ-
കാലത്തൊ,രാഡംബരാനഭിജ്ഞനിവൻ;

യോൻ—പച്ചസ്സസ്യനിരകളെ നട്ടുവളർത്തിയ ആൾ. അല്പേതരാ..................ർഹൻ=അല്പേതര (അത്യധിക) മായ അനന്ദമോദത്തിന്നും ഉപചാരത്തിന്നും അർഹൻ. എന്ന്—എന്നു കരുതി. വൃത്രാരിവില്ല്=വൃത്രാരിയുടെ (ഇന്ദ്രന്റെ) വില്ല്, മഴവില്ല്. മഴവില്ല് ഇന്ദ്രന്റെ വില്ലാണെന്നു കവിസങ്കേതം. വിചിത്രമാല്യം=വിവിധവർണ്ണ പുഷ്പങ്ങൾകൊണ്ടുള്ള മാല. ഭവദീയോചിതജ്ഞത=താങ്കളുടെ ഔചിത്യബോധം. എന്നാ...........................കയ്യിലേ—ഈവക സൽക്കാരമൊന്നും ഈ നാടിന്നു് ആവശ്യമില്ലെന്നു്. പണിയ്ക്കിരിയ്ക്കുമ്പോൾ കുമ്പളപ്പന്തലിന്മേൽ നിന്നു ഞാന്ന വള്ളി തോളിൽപ്പതിഞ്ഞതൊന്നുമാത്രമണ് തന്റെ ജീവിതകാലത്ത് ഈ ആഡംബരാനഭിജ്ഞൻ (ആഡംബരമറിഞ്ഞുകൂടാത്തവൻ) മാലയായി അണിഞ്ഞിട്ടുള്ളത്. അയാൾ അല്പപ്രസാദിയാണ്. നിന്നുള്ളി..................സൽക്കാരമായ്=നിന്നുള്ളിലെ

നിന്നുള്ളിലെയനുകമ്പതൻ നാലഞ്ചു
ബിന്ദുവതിന്നാലിവന്നു സൽക്കാരമായ്.
മാനുഷൻ ചെയ്ത മഹത്തായ കർമ്മത്തെ
വാനവർ ദിവ്യവെൺപൂക്കൾ തൂകി, സ്വയം
മാനിയ്ക്കുമെന്നു കേൾപ്പുള്ളതു നേക്കൊന്നു
കാണാവു ഞങ്ങൾ നിൻ തൂമഴച്ചാറലാൽ!

V

പൃഥ്വീതലത്തിലിറങ്ങി വിണ്ണിങ്കൽനി-
ന്നധ്വഗൻതന്റെ മനോരഥം വീണ്ടുമേ;
ഉച്ചലദ്വീചിയാമാഴിയും വററുമാ-
റുച്ചണ്ഡമായ്ത്തീന്ന നൈദാഘവേളയാൽ
നിച്ചലും ചുട്ടെരിഞ്ഞുള്ള നിലങ്ങളെ-
പ്പച്ച പിടിപ്പിച്ച പോരും ശരീരമേ,

അനുകമ്പ! നാലഞ്ചു തുള്ളിവീണാൽ (മഴ തെല്ലൊന്നു ചാറിയാൽ) അയാൾക്കു സന്തോഷമായി. മനുഷ്യൻ ചെയ്യാറുള്ള മഹത്തായ കർമ്മത്തെ വാനവർ (ദേവകൾ പൂക്കൾ പൊഴിയ്ക്കുന്നതായി കല്പിച്ചിരിയ്ക്കുന്നു) മാനിയ്ക്കുമെന്നു ഞങ്ങൾ കേട്ടിട്ടുണ്ട്; അതു ഞങ്ങൾക്കൊന്നു കാണുമാറാകട്ടെ!

V

പൃഥ്വീതലം=ഭൂമി. അധ്വഗൻ=വഴിയാത്രക്കാരൻ. ഇതേവരെ അയാളുടെ വിചാരം സ്വർഗ്ഗത്തിലായിരുന്നു; ഇപ്പോൾ വീണ്ടും അതു ഭൂമിയിലേയ്ക്കിറങ്ങി; അയാൾ തോട്ടക്കാരനെപ്പററി ചിന്തിച്ചു. ഉച്ചലദ്വീചി=തിരകൾ പൊങ്ങു

എത്ര വിളത്തിരിക്കുന്നു, ജഗൽസിരാ-
രക്തസഞ്ചാരം പുലർത്തുന്ന നീയഹോ!
ഓരോ പകലും വരുന്നു, ഗമിക്കുന്നു,
ചോരത്തുടുപ്പിൽത്തെളിഞ്ഞ മുഖത്തോടേ;

നീരക്തരാം തൊഴിലാളരെച്ചൊല്ലിയ-
ധീരർ വഹിപ്പീല വൈവർണ്ണ്യമേതുമേ!
മേലാളികൾ വശത്താക്കിയ ലക്ഷ്മിതൻ
കാലടിത്താരിലരക്കുകുഴമ്പിനെ

പൂശിച്ചു പൂശിച്ചു തീൎന്നുപോകുന്നതി-
പ്പേശലയത്നർതൻ ജീവരക്തദ്രവം!
ആരുടെ നെററിവിയർപ്പോ നറുംപനി-
നീരത്ര പാററുന്നു പള്ളിമേടകളിൽ,

ന്നത്. ഉച്ചണ്ഡം=ക്രൂരം. നൈദാഘവേള=വേനല്ക്കാലം. നി-ച്ചലും=നിത്യവും. ജഗൽസിരാരക്തസഞ്ചാരം=ലോകത്തിന്റെ ഞെരമ്പുകളിലെ ചോരയോട്ടം. ലോകത്തിൽ ജീവരക്തം വ്യാപിപ്പിക്കുന്നവർ വിളത്തുപോയിരിക്കുന്നു! ചോരത്തുടുപ്പ്—ഉദയാസ്തമയങ്ങളിലെ രക്തവർണ്ണം. നീരക്തർ=ചോരയില്ലാത്ത. മേലാളികൾ....ജീവരക്തദ്രവം—എജമാനന്മാർ കയ്യടക്കിയ ലക്ഷ്മിയുടെ(സമ്പത്തിന്റെ)കാലിൽ അരക്കുചാറു (ലാക്ഷാരസം) പൂശാൻ (കയ്യടക്കിയ സമ്പത്തിനെ വർദ്ധിപ്പിക്കാൻ)വേണ്ടി ഈ പേശലയത്നരുടെ (വിദഗ്ദ്ധകർമ്മാക്കളുടെ) ജീവരക്തം തീൎന്നുപോകുന്നു! കൃതൈ്യകതാനൻ=പ്രവൃത്തി

എത്രമേൽസ്സന്തപ്ത,മെത്രമേൽശുഷ്ക,മാ-
ക്കപ്രത്യേകതാനനാം സാധുവിൻ ജീവിതം;
കഷ്ട,മിതിൽപ്പരം വൈരുദ്ധ്യമെന്തുള്ളൂ?
നിഷ്ഠുരം നിമ്മറിമായം നൃലോകമേ!

യിൽമാത്രം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നവൻ. നൃലോകം=മനുഷ്യലോകം. രാവും പകലും കഷ്ടപ്പെട്ടു പണിയെടുക്കുന്നവർ പട്ടിണികിടക്കുക, പണിയെടുക്കാതെ വെറുതെയിരിക്കുന്നവർ സുഖിച്ചു മത്തടിക്കുക—ഇതിൽപ്പരം എന്തൊരു വൈരുദ്ധ്യമുള്ളൂ?

5. എൻെറ പ്രയാഗസ്ഥാനം

(കേക)

ഭാരതമഹാജന-
സഭയിലസഭ്യത
കേറിയോ കരിംകാർകൾ
നിരന്നോ തെളിവാനിൽ;
നിസ്തക്കം കടന്നിതോ
ഹംസചക്രത്തിൽക്കാകർ;
സത്വമാം ഗുണം തീണ്ട-
പ്പെട്ടിതോ തമസ്സിനാൽ! 1

1104 കുംഭമാസത്തിൽ എഴുതിയതു്.

1928—ലെ കല്ക്കത്താ കോൺഗ്രസ്സിനെപ്പററി: ആ സമ്മേളനത്തിലേയ്ക്കു കവി ഒരു കേരളീയപ്രതിനിധിയായിപ്പോയിരുന്നു.

കല്ക്കത്താ കോൺഗ്രസ്സുസമ്മേളനത്തിൽ പത്തുപന്തീരായിരം തൊഴിലാളികൾ കടന്നുചെന്നപ്പോൾ, അവിടെ കൂടിയിരുന്ന മാന്യന്മാരുടെ ഇടയിലുണ്ടായ പരിഭ്രമത്തെ കവി സൂചിപ്പിയ്ക്കുന്നു.

1. ഭാരത......കേറിയോ _ സ്വതേ മാന്യന്മാർ മാത്രം ഹാജരാവാറുള്ള കോൺഗ്രസ്സുസമ്മേളനത്തിൽ അസഭ്യത (സദസ്സിന്നർഹമല്ലാത്തതു്) കയറിക്കൂടിയോ?' കരിം........ തെളിവാനിൽ—വെണ്മയേറിയ ആകാശത്തു് ഇരുണ്ട കാർമേഘങ്ങൾ നിരന്നുവോ! നിസ്തക്കം=സംശയം കൂടാതെ. ഹംസചക്രം=അരയന്നക്കൂട്ടം. കാകർ=കാക്കകൾ. കാക്കകൾ അ

സ്വന്തമാം നിഴലിനെ-
    ച്ചാരേ കണ്ടിരുളെന്നു
ചിന്തിച്ചു പരുങ്ങിപ്പോ-
    യങ്ങെരിവിളക്കുകൾ;
പന്തലിലകം പുക്കാർ
    പെട്ടെന്നു, ചേർന്നൊത്തൊരു
പന്തീരായിരത്തോളം
    കറുത്ത, കൈവേലക്കാർ.
പഠിപ്പില്ല, റിവില്ല,
    പാവങ്ങളിവർക്കു ന-
ല്ലുടുപ്പില്ല, ടലിന്നു
    വെടുപ്പില്ല, ഴകില്ല.
പിടിച്ചുതള്ളാം പുറ-
    ത്തെ, ന്തിന്നു സഭാമധ്യേ
കടന്നു കാര്യംകാണാ-
    നിക്കൈത്തൊഴിൽക്കാരിക്കൂട്ടർ? 2
വാരണോദ്യതർ മുന്നിൽ-
    പ്പിടിച്ച പെരുംദണ്ഡും

രയന്നക്കൂട്ടത്തിൽ സംശയലേശം കൂടാതെ കയറിപ്പററിയോ? എന്തൊരു ധിക്കാരം! സത്വ .....തമസ്സിനാൽ—സത്വ ഗുണത്തെ തമോഗുണം അശുദ്ധമാക്കിയോ. എന്തൊരു കഷ്ടം.

2. സ്വന്തമാം...... വിളക്കുകൾ—വിദ്യുച്ഛക്തിവിളക്കുകൾ തങ്ങളുടെ നിഴലിനെ അടുത്തു കണ്ട് ഇരുളാണെന്നു കരുതി പരുങ്ങിപ്പോയി; അവിടെ സന്നിഹിതരായ മാന്യർ സ്വകീയർ തന്നെയാണ് ഈ കറുമ്പന്മാർ എന്നത് ഓർത്തില്ല! ചേർന്നൊത്ത്=കൂട്ടമിട്ടു. കാര്യംകാണാ......കാര്യബോധമി

വാരണോപമരക്കാരു
വാഴനാരിഴമാത്രം!
ആരെയും ദ്രോഹിക്കാതെ,
ഭാവമേ പകരാതെ,
നേരെ മുമ്പോട്ടു നട-
ന്നാരവരൊത്തുക്കത്തിൽ:
നിൽ്ിയാൽ നില്ക്കില്ലൊരു-
മ്പാടിതസ്സാധുക്കളിൽ
മർത്ത്യതയുണർന്നിരി-
ക്കുന്നു പൈദാഹച്ചൂടാൽ;
വേദനിപ്പിച്ചേയ്ക്കുന്നു-
മുണ്ടതിൻ ചെവികളിൽ
മാതൃഭൂചരണത്തിൻ
ചങ്ങലക്കിലുക്കങ്ങൾ.
തുടൻ തുടൻാരേ
വരിയായ് പ്പന്തലുകളിൽ-
ക്കടന്നാക്കരിമെയ്യു-
രെ,ഴുത്തു തെരിയാത്തോർ,

ല്ലാത്തവർ; ഇതു സന്നദ്ധഭടന്മാരുടെ ഭാവനയാണ്.

3. വാരണോദ്യതർ=തടുക്കാൻ മുതിന്നവർ. (വളണ്ടിയർമാർ) പെരുംദണ്ഡം=വളണ്ടിയർമാരുടെ പക്കലുള്ള വലിയ വടി. വാരണോപമർ=ആനയെപ്പോലെയുള്ളവർ. വാഴനാരിഴമാത്രം—അവർ വഴി നിഷ്പ്രയാസം തട്ടിമാററി; അകത്തു കേറി. അതിൽ—മർത്ത്യതയുടെ. മാതൃഭൂചരണം=മാതൃഭൂമിയുടെ കാൽ. തുടൻ...... ചുവട്ടിൽത്താൻ—ഒരേവരിയായി

തങ്ങളെക്കൊണ്ടങ്ങൊരു
കറുത്ത വരയിട്ടാർ
മങ്ങിയ സൽസ്വാതന്ത്ര്യ-
ക്കുറിപ്പിൻ ചുവട്ടിൽ ഞാൻ.
അദ്ധമാം വിമുക്തിയാ-
ലെങ്ങിനെ സംതൃപ്തരാ-
മത്രയും കഷ്ടപ്പാടാൽ
വിഴങ്ങപ്പെട്ടുള്ളവർ?
കൊടിയ പെരുമ്പാമ്പിൻ
വായിൽനിന്നരയോളം
വിട്ടതി ലഭിപ്പതു
വിട്ടതിയായെണ്ണാമോ?

ഭാരതമഹാസഭേ,
സ്വാഗതമരുളുകീ-
ധീരരാമതിഥികൾ-
ക്കാദരഭരേണ നീ
ഏറിയ കാലംകൊണ്ടി-
യ്യാണ്ടിലേ നവ യോഗം,

പന്തലിൽ പ്രവേശിച്ചതുകൊണ്ട് അതു ചൊവ്വുള്ള ഒരു വര പോലെ കാണപ്പെട്ടു. മങ്ങിയ സൽസ്വാതന്ത്ര്യക്കുറിപ്പിന്റെ ചുവട്ടിൽ കറുത്ത വരയിട്ട— പൂർണ്ണസ്വാതന്ത്ര്യംതന്നെ പ്രഖ്യാപിക്കണമെന്നാണ്, അവരുടെ ദൃഢനിശ്ചയം. ഉറപ്പുകാണിക്കാൻ ചുവട്ടിൽ വരയിടുക പതിവാണല്ലോ. കഷ്ടപ്പാടാൽ— പെരുമ്പാമ്പിനാലെന്നപോലെ.

4. ഭാരത....സ്വാഗതമരുളുക. ഇവരുടെ ഉത്സാഹം ക

ചേരേണ്ടുന്നവർ ചേൻറ
പൂർണ്ണമായ്ച്ചമഞ്ഞുള്ളൂ.
പാരതന്ത്ര്യാരണ്യത്തെ
വെട്ടിനീക്കാനും, പതിർ
ചേരാതെ സൌഭ്രാത്രത്തിൻ
വിത്തിനെ വിതപ്പാനും,
സാരമാം വിഭവത്തെ
വിളയിപ്പാനും, ചുട്ട-
ചോരയുൾപ്പാഞ്ഞീട്ടമീ-
ക്കൈകൾ താനിളകേണം.
പാരിങ്കലെങ്ങോ പൂഴ്ന്നു
കിടക്കും കൃഷിവേല-
ക്കാരിവരല്ലോ സർവ്വ-
മേന്മയ്ക്കും മുരട്ടുകൾ. 4

പരമാന്നത്തെക്കൊട്ടാ-
രങ്ങളിൽ നിരത്തുവോർ,
പശിദാഹത്തെ സ്വന്തം
കുടിലിൽ നിറുത്തുവോർ,

ണ്ടു പരിഭ്രമിയ്ക്കാതെ, അവരോടു സ്വാഗതം പറയുക. ആദരഭരേണ=കനത്ത ആദരവോടെ. കർഷകരും മററു തൊഴിലാളികളും ചേൻറാലേ രാഷ്ട്രസഭയ്ക്കു പൂർണ്ണതവരൂ. പാരതന്ത്ര്യാരണ്യം=അസ്വാതന്ത്ര്യമാകുന്ന കാട്, ഇവർ കൃഷിത്തൊഴിലാളികളാണല്ലോ.

5. പരമാന്നത്തെ......നിരത്തുവോർ—ഇവർ പണിയെടുത്തു ധനികക്ക് വിഭവസമൃദ്ധമായ ഭക്ഷണം നല്കുന്നു; ഇ

പരരെ വെളുപ്പിപ്പാൻ
തങ്ങളെക്കറുപ്പിപ്പോർ
പഴയ നിസ്വാർത്ഥരാം
കർമ്മയോഗികളിവർ.
മഴയും മഞ്ഞും കാററും
വെയിലുമേററൊരുനാളു-
മൊഴിയാതുലകിന്നു
വേണ്ടി വേലകൾ ചെയ്വോർ,
മിതമാമാഹാരത്താൽ-
ജ്ജീവിപ്പോർ— ഇവർ താനി-
ക്കൃതിയാമൃഷിനാടിൻ
പ്രഥമസന്താനങ്ങൾ. 5

കായമെല്ലാമേ കറു-
ത്തിരുണ്ട കൂലിപ്പണി-
ക്കാരവരുടെ കമ-
നീയമാം സാന്നിദ്ധ്യത്താൽ

വർക്കോ പട്ടിണി. വിഭവങ്ങൾ ഉണ്ടാക്കുന്നവർക്ക് അവയനുഭവിക്കാൻ യോഗമില്ല! പരരെ......കറുപ്പിപ്പോർ=കാററും വെയിലുമേററു കറുത്തവരായിത്തീരുന്നു. നിസ്സ്വാർത്ഥർ=സ്വാർത്ഥമില്ലാത്തവർ. കൃതി=പുണ്യവത്ത്. ഋഷിനാടിൻ പ്രഥമസന്താനങ്ങൾ—നിസ്സ്വാർത്ഥത, കർമ്മയോഗം മിതമായ ആഹാരം എന്നിവയാൽ ഇവരാണ്, ഋഷിനാടിന്റെ പ്രഥമസന്താനങ്ങൾ; ഇവർ ഋഷിതുല്യരായി ജീവിക്കുന്നു.

5. കാളിന്ദി കറുത്തിട്ടാണ്. വിണ്ടലപ്പുഴ=ഗംഗ. അഗ്ഗംഗാ......സ്ഥാനം=ഗംഗയും കളിന്ദജയും (കാളിന്ദിയും) കൂ

കാണായിവന്തൂ വെണ്മ
    കോല്യമസ്സുഭയന്നാൾ,
കാളിന്ദിസമ്മേളിച്ച
    വിണ്ടലപ്പുഴപോലെ.
അശ്ശംഗാകളിന്ദജാ-
    സംഗമസ്ഥാനം തന്നിൽ—
അഗ്ര്യപാവനമാകും
    പ്രയാഗതീർത്ഥംതന്നിൽ
പൂണ്ടുകൊൾകാഹ്ലാദമെൻ
    പുണ്യമേ,—പേർത്തും പേർത്തു-
മാണ്ടുമുങ്ങിനേനല്ലോ,
    കോൾമയിർക്കൊള്ളുംവണ്ണം. 6

ടിച്ചേരുന്ന സ്ഥലമാണ് പ്രയാഗതീർത്ഥം. അഗ്ര്യപാവനം= മികച്ച ശുദ്ധികരം; ശുദ്ധീകരണങ്ങളിൽവെച്ചു മികച്ചത് പൂണ്ടു.......കോൾമയിർക്കൊള്ളുംവണ്ണം—കവി തന്റെ പുണ്യത്തോട് ആഹ്ലാദം കൊൾവാൻ പറയുന്നു. ഈ പ്രയാഗത്തിൽ സ്നാനം ചെയ്വാൻ അസാധാരണമായ പുണ്യം വേണം.

6. നിത്യകന്യക

(കേക)

1

വയലിൽപ്പണിനിന്നിത്തി-
    ത്തിരിയേ വന്നിട്ടാ,ത്മ-
പ്രിയയാൽ നല്ലപ്പെട്ട
    കഞ്ഞിയിത്തിരിമോന്തി,
കുടിലിൻ കോലായ്ക്കിൽ
    വിശ്രമം കൊള്ളും ചേന്ന-
നടലിൽ വീശും പച്ച-
    ത്തുപ്പായ വിശറിമേൽ
പവിഴത്തുണ്ടുകളെ-
    പ്പതിപ്പിച്ചു കൂടെക്കൂടേ,
പരിണാമഗമായ
    പകലിൻ കതിരുകൾ.
വേണ്ട, ചെമ്പവിഴവും
    തങ്കവുമൊന്നുമവ-

1104 കുംഭമാസത്തിൽ എഴുതിയത്.

1. പരിണാമഗം=അവസാനിക്കാറായത്. പച്ചത്തുപ്പ്=പച്ചയിലകൊണ്ടുള്ള തുപ്പ്. വൈകുന്നേരത്തെ സൂര്യരശ്മികളുടെ തുടുപ്പിനെ പവിഴത്തുണ്ടുകളായി കല്പിച്ചിരിക്കുന്നു. വേണ്ട......പോരും=ആഡംബരത്തിലും പണത്തിലുമൊന്നും ചേന്നനു കൊതിയില്ല; കൊല്ലംതോറും അടയ്ക്കാനുള്ള പാട്ടം, കടക്കാരനാവാതെ, തീർത്തടയ്ക്കാൻ കഴിയുകയേ വേണ്ടൂ.

ന്നാണ്ടുപാട്ടത്തിൽക്കുട-
        ക്കാരനാകാഞ്ഞാൽപ്പോരും
ഏഴരപ്പറക്കുടി-
        ച്ചെല്ലുണം പാട്ടംനെല്ലു:
'ചാഴിയുമുണക്കവും'
        ജന്മിയെബ്ബാധിക്കുമോ?
ഏഴരപ്പറയ്ക്കു മു-
        വ്വഞ്ചുറുപ്പികവെച്ച-
തേ,ഴതൻപേരിൽ,'തമ്പ്രാ'-
        ന്നൻപുദിക്കയാലത്രേ!

II

ഇറയത്തുള്ളാ'പ്പായ്ച്ചു-
        കെട്ടി'യാം തൊഴുത്തിൻെറ
പരിശൂന്യത പേർത്തു-
        മവനെപ്പീഡിപ്പിച്ചു:

ഏഴര......അൻപുദിക്കയാലത്രേ=ഏഴരപ്പറയ്ക്കു പതിനഞ്ചുറുപ്പിക മതി എന്നുവെച്ചതു്, ആ സാധുവിൻെറ പേരിൽ തമ്പുരാന്നു (ജന്മിക്കു) ദയതോന്നിയതുകൊണ്ടാണു്!

II

പരിശൂന്യത=ശൂന്യത്വം. തൽസ്ഥാനം=ആ സ്ഥലം. പൂക്കിക്കു=കൊട്ടത്തുതീക്കുക. ചില പൈക്കളുടെ നെററിമേൽ വെളുത്ത പൊട്ടിയുണ്ടാകാറുണ്ടു്. ഈ പയ്യിൻെറ നെററിപ്പൊട്ടി പുണ്ഡരീകപ്പൂ(വെള്ളത്താമരപ്പൂ) പോലെയുള്ളതാണു്.

ഒരിളംപയ്യാകുന്ന
      തന്നേകസംപത്തിൻ പൃ-
ട്ടറയായിരുന്നു തൽ-
      സ്ഥാനമിന്നലെയോളം.
ജന്മിക്കു 'പുകഴിക്കേ'ണം
      നെൽവില ചില നാളാൽ-
ത്തന്മകൾ ചിരുതയെ-
      ക്കെട്ടിച്ചുകൊടുക്കേണം;
രണ്ടിനത്തിനും കൂടി-
      യൊട്ടുറുപ്പിക കിട്ടാൻ
കണ്ടില്ല വേറേ മാർഗ്ഗം -
      വിററു പയ്യിനെപ്പാവം!

കായത്തിൻ കറുപ്പായ
      രാത്രിയാൽപ്പണ്ടേ കൂമ്പി-
പ്പോയ പുണ്ഡരീകപ്പൂ-
      പോലൊരു വെള്ളച്ചുട്ടി
നെററിമേൽ വിലസുമാ-
      ഗ്ഗോവിനെ ക്രേതാവിൻെറ-
യുററവരുന്തിത്തള്ളി-
      ക്കൊണ്ടുപോവതു കാൺകെ

തു കൂമ്പിയത് കായത്തിൻെറ (ശരീരത്തിൻെറ) കറുപ്പാകുന്ന രാത്രിയാലായിരിക്കാം. താമര രാത്രിയിൽ കൂമ്പുമല്ലോ. ആ ചുട്ടി വെൺതാമരമൊട്ടുപോലെയായിരുന്നു. ക്രേതാവ്=വാങ്ങിയ ആൾ. ഉററവർ=കൂട്ടർ. ഉണ്ണൂലി—ചേന്നൻെറ ഭാര്യയുടെ പേർ. ഔരസകുമാരി=സ്വന്തം മകൾ ഉണ്ണൂലി—ചേന്ന-

പെററല്ല വാർന്നു കണ്ണീർ,
ചേന്നനുമുണ്ണലിസ്സും:
മററൊരു മകളാണ-
ക്കൊച്ചപയ്യിവക്കല്ലോ;
ഇദ്ദീനഗൃഹസ്ഥർത-
ന്നൌരസകുമാരിയോ,
മർദ്ദിക്കപ്പെട്ടകയായ്,
സ്വാനുജാവിയോഗത്താൽ!
ചേന്നനും കുടുംബവു-
മൊപ്പമേ നോക്കിപ്പോററി-
പ്പോന്നവളാണാത്തള്ള
ചത്ത പൈക്കിടാവത്രേ:
പയ്യിൽ വേകുമാറുണ്ട,
പ്പാവങ്ങൾ പലപ്പോഴും:
പയ്യിന്റെ വയറൊട്ടാൻ
സമ്മതിക്കുകില്ലന്നും

ന്മാരുടെ സ്വന്തം മകൾ. സ്വാനുജാവിയോഗത്താൽ (തന്റെ അനുജത്തിയുടെ വേർപാടിനാൽ—തന്റെ അച്ഛന്റെ മറെറാരു മകളായ ആ പയ്യ് അവൾക്കൊരനുജത്തിയാണ്.) ഞെക്കിഞെരുക്കപ്പെട്ട തള്ള ചത്ത പൈക്കിടാവത്രേ—ചേന്നനും ഉണ്ണലിസ്സും ആ പയ്യിന്റെ അനാഥത്വത്തിൽ വിശേഷിച്ചും സ്നേഹവും അലിവുമുണ്ടായി. പയ്യ്—വിശപ്പ്. തങ്ങൾ പട്ടിണി കിടന്നാലും അവർ ആ പയ്യിനെ പട്ടിണിയിടാറില്ല. മരതകരശ്മികനളം—ഇളംപുല്ല് ഇന്ദ്രനീലക്കല്ലിന്റെ

ഭൂവിൻെറ മരകത-
    രശ്മികന്ദളമായ
പൂവൽപ്പുല്ലതിനേകം,
    വേനലിൽപ്പോലുമവർ!
ഗോവതാ, തൽപാൎശ്വത്തിൽ
    ച്ചാരിനിന്നുമ്പയിട്ടും;
നാവിനാൽ നക്കിത്തോൎത്തു-
    മവർതൻ ഗാത്രങ്ങളെ.
കൈകളാൽക്കണ്ണും കെട്ടി-
    പ്പിടിച്ചു കുനിഞ്ഞു നി-
ന്നാകമ്രമാമപ്പയ്യിൻ
    ഫാലാബ്ജമുകുളത്തെ
നൂറുരു മുകൎന്നാലും
    നിൎത്തില്ല ചേന്നനതിൽ,
നേരിയ കുശുമ്പുൾച്ചേ-
    ൎന്നിട്ടുണ്ടാം ചിരുതയ്ക്കും!
അഞ്ജനാഭമാം മെയ്യും,
    മയ്യെഴുതിയ കണ്ണും,

രശ്മിയുടെ മുളപോലെ പച്ചവൎണ്ണമുള്ളതാണല്ലോ. ആകമ്രം= സുന്ദരം. ഫാലാബ്ജമുകുളം=നെററിയിലുള്ള താമരമൊട്ട് (വെള്ളപ്പുട്ടി.) നൂറുരു......ചിരുതയ്ക്കും. ആ കവിഞ്ഞ വാത്സല്യപ്രകടനത്തെ ചേന്നൻെറ പ്രിയപത്നിയായ ചിരുത തെല്ലൊരസൂയകൂടാതെ എങ്ങനെ നോക്കിക്കാണും? അഞ്ജനാഭം=അഞ്ജനംപോലെ കറുത്തത്. മയ്യ്=മഷി. വളർകൊമ്പ്=

കുഞ്ഞിത്താടയുമൊട്ടു
 വളഞ്ഞ വളർകൊമ്പും,
മഞ്ജുലക്ഷണശ്രീതൻ
 കാളാഞ്ചിപോലാം വാലും—
അഞ്ജസാ മായുന്നൊന്ന-
 ല്ലിവക്ക്,പ്പയ്യിൻ ചിത്രം.
ചിന്നതണ്ടാകാമുടൻ,
 ചേന്നൻെറയപ്പുത്രിക്കും;
കനക്കെത്തുണ്ടാ,മൊരു
 പൊല്ക്കുടമകിടിങ്കൽ;
വാൽ പൊക്കിയോടി-
 ച്ചാടിക്കളിക്കാം വളപ്പിൽ,ഗ്ഗോ-
രൂപമായ്പ്പിറന്ന തൽ-
 പ്പിഞ്ചുദൌഹിത്രിപ്പൈതൽ—
തീരുമോ, 'കറുമ്പി'യെ-
 ക്കറിച്ച സംസാരിച്ചാ-
ലാ?-രാവും കഴിഞ്ഞിത-
 ങ്ങവക്ക കൺചിമ്മാതെ.

വളൎന്നുവരുന്ന കൊമ്പ്. മഞ്ജുലക്ഷണശ്രീ=നല്ല ലക്ഷണങ്ങളുടെ ശ്രീ (ലക്ഷ്മി) കാളാഞ്ചി=പൊന്തൊങ്ങൽ. ചേന്നൻെറയും ഉണ്ണൂലിയുടെയും മനസ്സിൽ മാക്കാത്ത ചിത്രമാണ് ആ പയ്യ്, വരച്ചിട്ടുള്ളത്! ഗോരൂപമായ്=പശുവിൻെറ ആകൃതിയിൽ. ദൌഹിത്രപ്പൈതൽ—പയ്യ് മകളാവുമ്പോൾ, അതിൻെറ കുട്ടി മകളുടെ കുട്ടിയാവുമല്ലോ. കറുമ്പി—ചേന്നൻെറ പയ്യിൻെറ പേര്. ആരക്തം=ചുവന്നത്. ആമിഷവിപണി=മാംസച്ചന്ത. അതു പ്രാണിരക്തത്താൽ തുടുത്തിരിക്കുമല്ലോ.

ആരക്തമായീ കിഴ-
    ക്കാ,മിഷവിപണി പോ-
ലാ;-രുണാധ്വാവിൽപ്പാറി-
    പ്പറന്നു പതഗങ്ങൾ.

III

കല്യാണത്തിനു കഷ്ടി-
    പിഷ്ടി വല്ലതും വാങ്ങാൻ
ചില്ലറക്കടകൾതൻ
    തെരുവിൽ നടക്കവേ,
ചന്തമൈതാനത്തൊരേ-
    ടത്തൊരാൾക്കൂട്ടത്തെക്ക-
ണ്ടെന്തിതെന്നറിയാനാ-
    യങ്ങോട്ടു ചെന്നു ചേന്നൻ.
കാല്കൾ നാലിടത്തേയ്ക്കു
    വലിച്ചുകെട്ടപ്പെട്ടും
വായ്ക്കു കട്ടംചരടിനാൽ
    വരിയപ്പെട്ടും ഹാ ഹാ,

ആരുണാധ്വാവ് = അരുണന്റെ (സൂൎയ്യന്റെ)തായ മാൎഗ്ഗം, ആകാശം. പതഗങ്ങൾ = പക്ഷികൾ. പിറേറന്നു നേരം പുലൎന്നുവെന്നു പറയുന്നതോടൊപ്പം, വരാനിരിക്കുന്ന ആ അനിഷ്ടസംഭവത്തെ—പയ്യിനെ വെട്ടിക്കൊല്ലാൻ പോകുന്നതിനെ—സൂചിപ്പിച്ചിരിക്കുന്നു.

III

1. കല്യാണം—ചേന്നന്റെ മകളുടെ വിവാഹം, അ

കണ്ണമന്തകദചാര-
മെത്തസ്സു നീട്ടിസ്സപ്പെട്ട-
മുണ്ടൊരു, കറുമ്പിപ്പ-
യ്യുണ്ടു നിശ്ശേഷം നില്പം,
ഭീമസംഗരഭൃത-
തപ്പണാലൊട്ടങ്ങിയ
ഗോമാംസം കൊതിച്ചെത്തി-
ച്ചേൎന്ന മൎത്ത്യർതൻ മദ്ധ്യേ!
തീൎന്ന സംശയം രണ്ടാ-
മത്തെ നോട്ടത്തില,ത്തു
ചേന്നൻെറ പൈതാൻ: നെററി-
യ്യുണ്ടു തണ്ടലർമൊട്ടും.
തിയ്യൊന്നു പാഞ്ഞു ചിക്കെ-
ന്നാ,യാൾതൻ തലച്ചോറിൽ:—
"പ്പയ്യിനെക്കൊന്നല്ലോ, പ-
ത്തെംപതുറുപ്പസ്സായ് ഞാൻ!"
ഓട്ടകിങ്ങിണിമാല
ചാൎത്തണ്ടിയിരുന്ന തൻ-

തിന്നു വേണ്ടിയിട്ടും കൂടിയാണല്ലോ, പയ്യിനെ വിററത്. അന്തകദചാരം=അന്തകൻെറ (മരണത്തിൻെറ) വായ. ഭീമസംഗരഭൃതതപ്പണാൽ=ഘോരയുദ്ധമാകുന്ന ഭൃതത്തിന്നു തപ്പണം ചെയ്യുന്നനിമിത്തം. പട്ടാളക്കാൎക്കു തിന്നാൻ വെട്ടിവെട്ടി ഗോക്കൾ മുക്കാലും ഒടുക്കപ്പെട്ടിരിയ്ക്കുന്നു. തിയ്യൊന്നു......ഞാൻ— ഐമ്പതു റുപ്പസ്സുവേണ്ടിയുള്ള തൻെറ ഞെരുക്കം നിമിത്തമാണല്ലോ ഈ പയ്യിനെ കൊല്ലാൻ കൊടുക്കേണ്ടിവന്നത്.

വീട്ടുപൈക്കിടാവിൻെറ
നീൾക്കഴുത്തിങ്കലതാ,
ആഴ്ക്കയായ് കശാപ്പിൻവാൾ;
കഴിവെന്തു?-ൾബ്ബോധാകെ-
ട്ടാകുലാശയൻ വീണാ-
ന,ഹിംസാനാടിൻമണ്ണിൽ.
ആക്കിതിൽപ്പതിയും ക-
ണ്ണാ?-ൾപ്പുരുഷഷ്ണാ, മൃതി-
വ്യാഘ്രി നാററിയ മാംസ-
പ്പൊതിമേലല്ലോ നോട്ടം.

എന്നാലപ്പശുവിൻെറ-
യായുസ്സിൻ ബലത്താലോ,
കന്നിനെപ്പൊന്നായ്ക്കാണും
കണ്ണിൻെറ പുണ്യത്താലോ,
'ചങ്ങാതിമാരേ, നില്ക്കിൻ,
നില്ക്കി'നെന്നോടിക്കിത-
ച്ചങ്ങെത്തീ, ദയാദൂതൻ
പോലൊരു മുസ്ലീംമാന്യൻ

ആകുലാശയൻ=മനസ്സു കലങ്ങിയവൻ. ഓട്ടുകിങ്ങിണിമാല ആ പയ്യിൻെറ കഴുത്തിൽ അണിയിക്കാൻ ചെന്നതു മോഹമുണ്ടായിരുന്നു; കാശില്ലായ്കയാൽ കഴിഞ്ഞില്ല. അഹിംസാനാട്—ബുദ്ധൻെറ കാലംമുതല്ക്കേ ഭാരതം ഇങ്ങനെ പ്രശസ്തി നേടിയിട്ടുണ്ടല്ലോ. മൃതിവ്യാഘ്രി=മരണമാകുന്ന പെൺപുലി. എല്ലാവരും ആ മാംസത്തിന്നു കൊതിച്ചുനില്ക്കുകയാണ്.

'നൂററുറപ്പിക തന്നാൽ-
പ്പയ്യിനെ വിടാ'മെന്നു
കൈരണ്ടും മലത്തിനാ-
ന,തിനെ വാങ്ങിച്ചവൻ.
'ചെന്നിണം തളിയ്ക്കയോ,
ശുദ്ധവേദത്തിൻ തോളി-
ലെ,ന്നുപായാതൻ ചെയ്ത
ദൌഷ്ട്യഖണ്ഡനത്താലേ
കാലപാശോഗ്രക്കെട്ടിൽ
നിന്നുവേർപെട്ടപ്പെൺനാ-
ല്ക്കാലിയൊരാശ്വാസത്തിൻ
ശബ്ദമിട്ടതോടൊപ്പം,
കേരളകൃഷകൻെറ
കഷ്ടപ്പാടിനിമേലും
പേറുവാനുണന്നോററ
ചേനനാ മുസൽമാനെ
വററിയ ചുണ്ടാലതിൻ
വാസ്തവമറിയിച്ചാൻ:—

2. എന്ന്—എന്നു പറഞ്ഞ്. ദയാദൂതൻ=ദയയുടെ ദൂതൻ. ഉപായാതൻ=അടുത്തു ചെന്നവൻ. ദൌഷ്ട്യഖണ്ഡനം=ദുഷ്ടതയെ മുറിയ്ക്കൽ. കാലപാശോഗ്രക്കെട്ട്=കാലപാശത്തിൻെറ (യമൻെറ കയറിൻെറ, മരണത്തിൻെറ) ഉഗ്രമായ കെട്ട്. ആ മുസ്ലീംമാന്യൻ 'ശുദ്ധവേദത്തിൽ, കുറാനിൽ ചോര തെറിപ്പിയ്ക്കയോ?' എന്ന ചോദ്യംകൊണ്ട്, പയ്യിനെ കൊല്ലാൻ

‘വിററതൈംപതിന്നാണു,
ആറുറുപ്പികക്കുല്ലാ:
വെട്ടമെന്നറിഞ്ഞെങ്കിൽ
വില്ക്കില്ലായിരുന്നു ഞാൻ—
പെട്ടെന്നു തേങ്ങിത്തേങ്ങി-
ക്കേഴ്കയായ്, കൃഷിക്കാരൻ;
ആർദ്രമാനസരാക്കി,
ഗോവധം സധൈര്യരായ്-
പ്പാർത്തുനിന്നവരെയും;
ചേന്നന്റെ പശ്ചാത്താപം. 2

സാമർഷഹാസാശ്ചര്യ-
സംഭ്രമാദിയാം ദൃഷ്ടി-
സ്തോമത്താൽസ്സമാവൃത-
നാകിയ ചേന്നൻ മെല്ലെ
മുപ്പത്തഞ്ചുറുപ്പിക-
യുള്ളതു മടിയിൽനി-
ന്നല്പവും മടിക്കൂടാ
തെടുത്തു സമർപ്പിച്ചാൻ,

വേണ്ടി വരിഞ്ഞുകെട്ടിയിരുന്നവരുടെ ദൃഷ്ടതയെ ഭേദിച്ചു—ഈ ചോദ്യത്താൽ അവരുടെ മുറുക്കിപ്പിടുത്തം ഒന്നയഞ്ഞു; അതോടുകൂടി പശുവിന്നു ശ്വാസം വിടാമെന്നായി. ചേന്നൻ മൃതപ്രായനായിരുന്നു. കേരള......ചേന്നൻ—കേരളത്തിലെ കൃഷിക്കാരുടെ കഷ്ടപ്പാടു് മേലിലും ചുമക്കാനാണു്, അവൻ മോഹാലസ്യം വിട്ടെഴുന്നേററതു്! ആർദ്രമാനസർ=ഹൃദയമലിഞ്ഞവർ.

‘ചെലവായ്പ്പോയീ പാട്ടം
തീർക്കുവാൻ പതിനനഞ്ചെ-’
-ന്നലഘുകൃതജ്ഞതാ-
-നമ്രനായമ്മാന്യങ്കൽ.
ചേന്നന്റെ മുപ്പത്തഞ്ചിൽ
നാല്പതു തൻകയ്യാലേ
ചേർത്തഴപത്തുമഞ്ചും
രൂപകൊണ്ടൊരുമട്ടിൽ
മുതൃച്ചന്തയിൽനിന്നു
മേടിച്ചപ്സരഭിയെ-
ത്തൃപ്തനാമവനതാ-
നേകിനാനധർമ്മിഷ്ഠൻ.

3. സാമർഷഹാസാശ്ചര്യംഭ്രമാദി—അമർഷം (അരിശം) ഹാസം(പരിഹാസം)ആശ്ചര്യം, സംഭ്രമം മുതലായവയോടുകൂടിയതു്. ദൃഷ്ടിസ്തോമം=കണ്ണുകളുടെ കൂട്ടം. അവിടെ കൂടിനിന്നിരുന്ന ആളുകളിൽ അപ്പോഴുണ്ടായ വിവിധവികാരങ്ങളാണു് മേല്പറഞ്ഞവ. സമാവൃതൻ=മൂടപ്പെട്ടവൻ. എല്ലാ കണ്ണുകളുംകൂടി ചേന്നനെ പൊതിഞ്ഞുകളഞ്ഞു. പയ്യിനെ വെട്ടാൻ വാങ്ങിയവർക്കു് അതു തരപ്പെടാത്തതിലുള്ള ക്രോധം; മററു ചിലർക്കു്, ഈ നാടൻ ഇത്ര വിഡ്ഢിയാണല്ലോ എന്ന പരിഹാസം; വേറേ ചിലർക്കു് ഒരു പയ്യിനെച്ചൊല്ലി ഇത്രയൊക്കെ ഒരാൾ വ്യസനിക്കുമോ എന്ന ആശ്ചര്യം; ഇനിയും ചിലർക്കു് ഈയാൾ എന്തുചെയ്യുമെന്ന സംഭ്രമം. അലഘുകൃതജ്ഞതാനമ്രൻ=കനത്ത കൃതജ്ഞതയാൽ കുനിഞ്ഞവൻ. അമ്മാന്യ

വിററ പൈപ വീണ്ടും കയ്യിൽ
വന്നതല്ല,പണ്ടത്തെ-
പററിയില്ലതിനെന്ന-
താണവന്നത്യാശ്ചാസം;
കല്യാണം നടത്താൻ കാ-
ശില്ലെങ്കിൽ വേണ്ടാ; നിത്യ-
കന്യയായിരുന്നുകൊ-
ള്ളട്ടെ, തൻപൊന്നുമകൾ! 3

ങ്കൽ സമർപ്പിച്ചാൻ-അദ്ദേഹത്തിൻെറ കയ്യിൽക്കൊടുത്തു. സുരഭി=പയ്യ്. ചേനന്ന് ആ പയ്യ് (സുരഭി—കാമധേനു) തന്നെയാണ്. ഇതിന്ന്—പയ്യിന്ന്.

7. പനിനീർപ്പൂവും പൈതലും

(മാകന്ദമഞ്ജരി)

സൈ്വരമാം സായാഹ്നസഞ്ചാരവേളയിൽ
വാരുണത്തോപ്പിലെച്ചെന്താർകളെ
വാരിയെടുപ്പാനോ നുള്ളാനോ വാഞ്ഛമൂ-
ത്തോരാതെ പൊങ്ങിയ മൽക്കരങ്ങൾ,
പാത്ഥിവമായൊരു തോപ്പിലെ മുൾച്ചെടി-
ച്ചാത്തോടു ചേച്ച്ലഭിയ്ക്കയാലേ
ഹന്ത, സംപൂർണ്ണങ്ങളായ്ത്തീന്നിതേ,താനു-
മന്തിച്ചുകപ്പിൻ നറുങ്ങുകളാൽ! 1

എന്തിനു മെല്ലെക്കിതച്ചുകൊണ്ടീയെന്നെ-
പ്പിന്തുടരുന്നൂന്നു തെന്നലേ, നീ?

1117 ചിങ്ങമാസത്തിൽ എഴുതിയത്.

1. വാരുണത്തോപ്പ്=വരുണന്റെ തോട്ടം. (പടിഞ്ഞാറേദ്ദിക്ക്.) വാരുണ........ചെന്താർകളെ—അന്തിച്ചുകപ്പിൻ കഷ്ണങ്ങളെ വരുണന്റെ തോട്ടത്തിലെ ത്തുടുപൂക്കളായി കല്പിച്ചിരിയ്ക്കുന്നു. നുള്ളുക=അറുക്കുക. പാത്ഥിവം=ഭൂമിയിലുള്ളത്. മുൾച്ചെടിച്ചാത്ത്—പനിനർച്ചെടിക്കൂട്ടം. ആകാശത്തിലെ അന്തിത്തുടുപൂക്കൾക്കായി പൊങ്ങിയ എന്റെ കൈകൾ ഭൂമിയിലെ ഏതാനും പനിനീർപൂക്കളാകുന്ന അന്തിച്ചുകപ്പിന്റെ തുണ്ടുകളാൽ നിറഞ്ഞു! പനിനീർപ്പൂ കൈനിറനുള്ളിയെടുത്തു.

നിങ്കലുതിക്കാനല്ലി,പ്പുഷ്പസൌരഭ്യ;-
മെങ്കയ്യിലില്ല,ത്ര സംപത്തൊന്നും
ഞാൻതന്നേ വേണ്ടോളമൊന്നാസ്വദിച്ചീലി-
ത്തേൻതുള്ളി താവിന തൂമണത്തെ!
പാതയ്ക്കുട്ടത്ത ഗൃഹത്തിൽ,ക്കരിംകുഴൽ
കോതിനില്ക്കുന്നൊരു താരുണ്യശ്രീ
വാർദ്ധകനീതങ്ങളാമസ്മന്മങ്ങളിൽ-
ക്കൂത്ത കൺകോണാലൊരേറ്ററിഞ്ഞു!
ഹൃദ്യമാം ഗന്ധം പരക്കിലും, ഹാ, പറ-
ന്നെത്തീല വണ്ടുകളെൻപൂക്കളിൽ:

. അപ്പോൾ കാററു വീശിയതു്, തൻെറ കയ്യിലുള്ള പുഷ്പസൌരഭ്യത്തെ തട്ടിയെടുക്കാനാണെന്നു കരുതി, കവി കാററിനോടു പറയുന്നു, തൻെറ പിന്നാലെ വരേണ്ടെന്നു്. താൻതന്നെ നല്ലവണ്ണമൊന്നാസ്വദിക്കാതെ മറെറാരാൾക്കു് എങ്ങനെ കൊടുക്കും? കരിംകുഴൽ=കറുത്ത തലമുടി. താരുണ്യശ്രീ=യൌവനലക്ഷ്മി; തരുണി എന്നു സാരം. വാർദ്ധകനീതങ്ങൾ=വാർദ്ധക്യത്താൽ (കിഴവനായ എന്നാൽ) കൊണ്ടുപോകപ്പെടുന്ന. കൂത്ത.... ..ഏറെറിഞ്ഞു—ഒരു കിഴവൻ ഈ തരുണോചിതങ്ങളായ പൂക്കൾ എന്തിനു നുള്ളിക്കൊണ്ടുപോകുന്നുവെന്നാവാം, ആ കൂത്ത നോട്ടത്തിന്നർത്ഥം! ഹൃദ്യമാം... കൃതജ്ഞാഹർ അത്യധികം അകം കുളിപ്പിയ്ക്കുന്ന പരിമളമുണ്ടായിരുന്നിട്ടും, എൻെറ പൂക്കളിൽ വണ്ടുകൾ പറന്നെത്തിയില്ല. അത്തേൻകൊതിയരെ — വണ്ടുകളെ — പുത്തൻകവിതക്കാർ ആട്ടിയോടിച്ചിരിയ്ക്കുന്നുവല്ലോ! വണ്ടും തേണ്ടാരും മററും ചേന്നാൽ കവിത പഴഞ്ചനാകുമെന്നല്ലേ, അവരുടെ ഉൽഘോഷണം? അങ്ങനെ വണ്ടുകളെ അകററിവട്ടതുകൊണ്ടു് എ

അത്തേൻകൊതിയരെയാട്ടിയോടിച്ചതിൽ-
പ്പുത്തൻകവികൾ കൃതജ്ഞതാഹർ! 2

വാടൊല്ലേ, വാടൊല്ലേ, ഞെങ്ങൊല്ലേ, ഞെങ്ങൊ-
[ല്ലേ,
വാടികാസൌഭാഗ്യക്കുമ്പുകളേ,
കാൽവേദനിപ്പിക്കും കല്പറമ്പിങ്കൽനി-
ന്നാവിർഭവിച്ച പതുപ്പുകളേ,
മുള്ളുനിറഞ്ഞൊരു ജീവിതത്തേയുമൊ-
ട്ടുല്ലസിപ്പിക്കുന്ന ഭാഗ്യങ്ങളേ,
ഇച്ഛപോലൊന്നു തൊടാതല്ലോ കൈകളിൽ
വെച്ചിരിക്കുന്നതു നിങ്ങളെ ഞാൻ! 3

തോട്ടത്താൽപ്പൂജിതനാകിയ ഞാനെൻെറ
വീട്ടിൻപടിക്കൽച്ചെന്നപ്പൊഴെക്കും,

ൻെറ പൂക്കൾക്കു ഭംഗബാധ സംഭവിച്ചില്ല; ഈ ഉപകാരത്തി ന്നു പുതുകവികളോടു നന്ദിപറയേണ്ടിയിരിക്കുന്നു.

3. വാടികാസൌഭാഗ്യക്കുമ്പുകൾ—പൂക്കളെ വാടികയുടെ (ഉദ്യാനത്തിൻെറ) സൌഭാഗ്യ (സൌന്ദര്യ)ക്കുമ്പുകളെന്നു് അധ്യവസായം ചെയ്തിരിക്കുന്നു. കീഴ്‌വരികളിലും അധ്യവസായംതന്നെ. കാൽ............പതുപ്പുകളെ—കാലിനെ എന്തെന്നില്ലാതെ വേദനിപ്പിക്കുന്ന കല്പറമ്പിൽനിന്നു് ഈ പതുപ്പുകൾ (അതിമാർദ്ദവമുള്ളവ) ഉണ്ടായതെത്ര അത്ഭുതം: മുള്ളു.........ഭാഗ്യങ്ങൾ=മുള്ളുള്ള പനിനീർച്ചെടിയുടെ ജീവിതത്തെപ്പോലും ഉല്ലാസവത്താക്കുന്ന ഭാഗ്യങ്ങളാണ് ഈ പൂക്കൾ. ഇച്ഛ.........ഞാൻ—അതു വാട്ടുകയോ ഞെരുങ്ങുകയോ ചെയ്താലോ എന്നു പേടിച്ചു്.

'അച്ഛാ, പൂ, പൂവെന്നു' പൂവിളം ചുണ്ടിനാ-
ലുച്ചരിച്ചോടിവന്നാളെൻപൈതൽ
മാൺപേറുമേതോ പണിത്തരമാകുമാ-
മാണിക്യക്കഞ്ഞിയളുക്കകളെ
ഒന്നൊന്നായ്വെച്ചുകൊട്ടത്തേൻ കുനിഞ്ഞുനി
ന്നന്നറും പിഞ്ചുകുടന്നയിൽ ഞാൻ.
വൃദ്ധൻെറ ചുക്കിച്ചുളിഞ്ഞു കുഴഞ്ഞുള്ള
ഹസ്തത്തിൽനിന്നു കിടാവിനുടെ
പൂവൽക്കരത്തിൽപ്പകന്നതോടൊപ്പം,മ-
പ്പൂവുകൾ പൂവുകളായീ പേത്തും!
പൂവോ, നീ ബാല്യമേ? ബാല്യമോ, പൂവേ, നീ?
കേവലമൊന്നിൻ പേരാക ം രണ്ടും!
കൊച്ചിൻെറയൌദാര്യം ചോദിച്ചു സാഹ്ലാദഃ-
'മച്ഛനു വേണ്ടയോ പൂവിതൊന്നും?
'അച്ഛന്നിങ്ങിപ്പനിനീർപ്പൂവേ പോരു'മെ-
ന്ന,ച്ചെം കവിളിൽ മുകൎന്നിവൻ! 4

4. തോട്ടത്താൽ പൂജിതൻ—തോട്ടത്തിൽനിന്നു പൂക്കൾ കിട്ടിയവൻ. മാൺപ്=ഭംഗി. മാണിക്യക്കഞ്ഞിയ്ളുക്കകളെ—അളുക്കപോലുള്ള പനിനീർപ്പൂക്കളെ. അന്നറും പിഞ്ചുകുടന്ന—കുട്ടിയുടെ കുടന്ന. വൃദ്ധൻെറ.........പേത്തും= ചേരേണ്ടതിനോടു ചേൎന്നപ്പോൾ പുഷ്പങ്ങളുടെ ചന്തം തെളിഞ്ഞു കാണപ്പെട്ടു. ബാല്യവും പൂവും വാസ്തവത്തിൽ ഒന്നുതന്നെ. ഇപ്പനനീർപ്പൂവ്=കുട്ടികളുടെ ആഹ്ലാദത്തുടപ്പിയ്ന്ന കവിൾ.

8 മണൽക്കാററ്

(കേക)

ഗംഗതൻ മറുകരെ-
ച്ചെന്ന തോണിയിൽനിന്നു
മംഗളമണൽത്തിട്ടി-
ലിറങ്ങി യഥോദ്ദിഷ്ടം
നടകൊണ്ടീടും ഹ്യൂയൻ
സ്സാങ്ങിനെത്തട്ടത്താരാ,-
ക്കടവു കടത്തിയ
തസ്കരക്കരിമല്ലർ:
ചപ്രമീശകൾ പാറു-
മച്ചട്ടിമുകറുക-
ളുൽപ്പൈശാചികഹാസ്യം
മുരണ്ടാരൊന്നീവണ്ണം:—
'കട്ടപ്പൊൻ പരിചൊത്തൊ-
രാൺ പിറന്നോനെക്കയ്യിൽ-
ക്കിട്ടിയിട്ട,മ്മേയ്ക്കാ-
തങ്ങൾ വിട്ടേയ്ക്കും ഞങ്ങൾ!'
കഠിനതമ്മാക്കളോ-
മവക്കിത്തരുണന്റെ

1120 കുംഭമാസത്തിൽ എഴുതിയത്.

1. മംഗളം=സുന്ദരം; അഥവാ പുണ്യകരം. യഥോദ്ദിഷ്ടം=ഉദ്ദേശിച്ചപോലെ. ഹ്യൂയൻസാങ്ങ്—പ്രസിദ്ധനായ ചീനക്കാരൻ സഞ്ചാരി. അച്ചട്ടിമുകറുകൾ—ചട്ടിമുകറന്മാരായ കരിമല്ലർ. ഉൽപ്പൈശാചികഹാസ്യം=പൈശാചിക

കഴുത്തു കിടക്കേണം
    കടുത്തുകൂലിക്കെന്നായ്! 1

തെയ്യാറായ് ബലിവേദി—
    ഭിക്ഷുഘാതികൾ വാസം-
ചെയ്യേണ്ടും നരകത്തിൻ
    കൽത്തറപ്പണി തീർന്നു.
പിന്നതിന്മീതേ കേററി
    നിർത്തിനാർ, കാളീപൂജ-
ക്കിമ്പമോടൊരുമ്പെട്ട
    നാവികരദ്ദേഹത്തെ.
താമസമൂർത്തികളാ-
    മവരാൻപ്പരിവൃത,-
നാമഞ്ഞപ്പുടവകൾ
    ധരിച്ച മനോജ്ഞാംഗൻ,
തീ തട്ടിക്കരിഞ്ഞുള്ള
    പാഴ്മരങ്ങൾതൻ മധ്യേ
പൂത്തിങ്ങി നില്ക്കുന്നോരു
    കൊന്നതൻ സാമ്യം നേടീ,

മായ ഹാസ്യം (പരിഹാസം) പുറപ്പെടുവിച്ച്; ക്രിയാവിശേഷണം. അമ്മക്കേകാതെ—ദേവിക്കായി കഴുത്തുവെട്ടാതെ.

2. ബലിവേദി=ബലിക്കുള്ള തറ; അതു നരകത്തിൻെറ അസ്തിവാരമാണ്. ഭിക്ഷുഘാതികൾ=ഭിക്ഷുവിനെ കൊല്ലുന്നവർ. കാളിപൂജക്കു നരബലി നടത്തപ്പെട്ടിരുന്നു. താമസമൂർത്തികൾ=കറുത്തിരുണ്ടവർ. പരിവൃതൻ=ചുററപ്പെട്ടവൻ ഹൃയൻസാങ്ങ്ബുദ്ധഭിക്ഷുവായതിനാൽ മഞ്ഞവസ്ത്രമാണ് ധരി

കാറുകൾക്കിടയിലെ-
ക്കതിരോനായിക്കാണായ്
ഭൂരിതേജസ്സാബ്ബൌദ്ധ_
. ഭിക്ഷുവിൻ തിരുമുഖം!
ചൈത്യങ്ങൾതോറും ചെന്നു
തന്നിവാസയാം ജ്ഞാന-
മൂത്തിയെ—ബ്ബൌദ്ധഗ്രന്ഥ-
പംക്തിയെ—ബ്ഭജിപ്പാനും,
യോഗമഭ്യസിപ്പാനും
വേണ്ടിയാണി,ന്ത്യാരാജ്യ-
ത്താഗമിച്ചതീ, നിവ്വാ-
ണേച്ഛുവാം ചീനക്കാരൻ.
മഞ്ഞണിമലമുതൽ
നമ്മദവരെയുള്ള

ച്ചിരുന്നത്. തീ..................സാമ്യം നേടീ—ആ കരി മല്ലരുടെ മദ്ധ്യത്തിൽ നില്ക്കുന്ന ബുദ്ധഭിക്ഷു തീ തട്ടി ക്കരിഞ്ഞ പാഴ്മരങ്ങളുടെ നടുവിൽ പൂത്തുനില്ക്കുന്ന കൊന്ന പോലെയായി. കാറുകൾ..............................തിരു മുഖം—അദ്ദേഹത്തിന്റെ ഭൂരിതേജസ്സായ (തേജസ്സേറി യ) മുഖം കാർമേഘങ്ങൾക്കിടയിലെ സൂര്യനെപ്പോലെയാ യി. ചൈത്യങ്ങൾ=ബൌദ്ധാലയങ്ങൾ. തന്നിവാസ=അവ യിൽ നിവസിയ്ക്കുന്നവൾ. ജ്ഞാനമൂത്തി—ബൌദ്ധഗ്രന്ഥപം ക്തിതന്നെ. ജ്ഞാനമൂത്തി നിവ്വാണേച്ഛരു=മോക്ഷമാഗ്ര ഹിയ്ക്കുന്നവൻ. ഏഴാം ശതകത്തിൽ—ക്രിസ്തുവിന്നു പിമ്പ് ഏ ഴാം നൂററാണ്ടിൽ. സൌഗതമതസ്ഥൻ=ബുദ്ധമതക്കാരൻ. സൽക്കവി—നാഗാനന്ദനാടകാദിനിമ്മാതാവ്. ഹഷക്ഷ്മാ

മന്നിട,മാര്യാവർത്ത,-
മഠന്ന,ഴാം ശതാബ്ദത്തിൽ
സൌഗതമതസ്ഥനാം
സൽക്കവിഹർഷക്ഷ്മാപൻ
ജാഗരൂകനായ്ക്കാത്തു
വാഴ്വതായിരുന്നിട്ടും,
ചെഞ്ചോര തെറിച്ചിരു-
ന്നില്ലപോലതിൻ ധർമ്മ-
സഞ്ചയപ്പുകളായ
വെൺപട്ടിലങ്ങിങ്ങയ്യോ:
ധൃഷ്ടരാം ഹൂണന്മാർതൻ
കൊള്ളയിൽക്കൊററാട്ടൊട്ടു
കിട്ടിയ ഹിംസച്ചേട്ട
മുറുക്കിത്തുപ്പിപ്പോന്നാൾ! 2

പുണ്യവിജ്ഞാനം തേടി-
ബ്ബുദ്ധൻെറ നാട്ടുൾപ്പുക്ക
പാന്ഥിതൻ നരബലി-
ക്കാക്കൊരു പശുവായീ;

പൻ=ഹർഷചക്രവർത്തി. ചെഞ്ചോര........മുറുക്കിത്തുപ്പിപ്പോന്നാൾ—അതിൽ (ആര്യാവർത്തത്തിൻെറ)—ധർമ്മസഞ്ചയത്തിൻെറ (ധർമ്മക്കുളമ്പാരത്തിൻെറ) പുകളാകുന്ന വെൺപട്ടിന്മേൽ (കീർത്തി വെളുത്തിട്ടാണെന്നു കവിസങ്കേതം) അങ്ങിങ്ങായി ചോര തെറിച്ചിരുന്നു! കുസലില്ലാത്ത ഹൂണന്മാരാൽ വധിക്കപ്പെട്ട മനുഷ്യരുടെ രക്തത്തെ, തീൻകരിഞ്ഞു വെററില മുറുക്കിയ ഹിംസയാകുന്ന ചേട്ട (അലക്ഷ്മി) തുപ്പിയ തുപ്പ വെള്ളമെന്നുൽപ്രേക്ഷിച്ചിരിക്കുന്നു.

വൻതെച്ചിമലർമാല-
യൊന്നുതൽക്കണ്ഠേ വീണു
ജന്ത്വസൃഗരുണമാ-
മന്തകപാശംപോലേ!
അന്ധവിശ്വാസത്തിൻ ദു-
ശ്ചേഷ്ടിതമിതു കണ്ട
സന്ധ്യതൻ നെടുവീർപ്പാം
കാററങ്ങു പെരുമാറി,
നീരിലങ്ങിങ്ങാകാശ-
ത്തുടുപ്പു നിഴലിച്ചു,
ചോരചിന്നിയപോലായ്-
ത്തുടിച്ചു ഗംഗാഹൃത്തും!
നിർജ്ജനം നദീതീരം,
നിസ്സഹായനിപ്പാന്ഥൻ;

3. പണ്ഡിതൻ പശുവായി—എന്തു വൈപരീത്യം. പശുശബ്ദത്തിന്നു വിദ്യാവിഹീനനെന്നും, ബലിമൃഗമെന്നും രണ്ടർത്ഥം. ജന്ത്വസൃഗരുണം=ജീവിജാലങ്ങളുടെ ചോരകൊണ്ടു തുടുത്തതു്. അന്തകപാശം=കാലന്റെ കയർ. ആ ബുദ്ധഭിക്ഷുവിന്റെ കഴുത്തിൽ കൊലയാളി ഒരു തെച്ചിമാലയിട്ടു; അതു്, ജന്തുക്കളുടെ ചോരകൊണ്ടു തുടുത്ത കാലന്റെ കയർ പോലെ തോന്നി. ബലിക്കു വെട്ടപ്പെടേണ്ടവനെ ചുകന്ന പൂമാലയിട്ടുവിടും. അന്ധ..........ദുശ്ചേഷ്ടിതം—നരബലികൊണ്ടു ദേവി പ്രസാദിക്കുമെന്ന അന്ധമായ വിശ്വാസം. കാററിനെ സന്ധ്യയുടെ നെടുവീർപ്പെന്നുൽപ്രേക്ഷിച്ചിരിക്കു

നിഷ്ഠുരരുടെ ഖഡ്ഗം
കർമ്മവ്യാപൃതവുമായ്.
എങ്കിലെന്തു, ധീരന്റെ
സൌമ്യമാം മുഖത്തില്ലാ
ശങ്കയോ, സംഭ്രാന്തിയോ,
ദുഃഖമോ, ഭയപ്പാടോ!
അദ്രിപോലചലനായ്-
നിന്നു കണ്ണല്പമട-
ച്ചർത്ഥിച്ചാൻ നൃശംസർക്കു
നന്മയെസ്സമചിത്തൻ:-
"മൈത്രേയഭഗവാനേ,
ശ്രീബോധിസത്ത്വസ്വാമിൻ,
ചേർത്തുകൊള്ളട്ടേ മമ-
മരണമിപ്പാവങ്ങൾ,
പേർത്തിനിയത്തെജ്ജന്മ-
ത്തീയവിദ്യാന്ധർക്കൊരു

ന്നു. ഈ കൂട്ടംകൈ കണ്ടു സന്ധ്യ നെടുവീർപ്പിട്ടു! ചോര......
...ഗംഗയുടെ ഹൃദയംപൊട്ടി; ഹൃദയം പൊട്ടിയാൽ ചോര ചിന്നുമല്ലോ. കർമ്മവ്യാപൃതം=ജോലിയിൽ (തലവെട്ടലിൽ) ഏർപ്പെട്ടത്. അദ്രി=പർവ്വതം. അചലൻ=അനങ്ങാത്തവൻ. നൃശംസർ=ക്രൂരർ. മൈത്രേയൻ— ഒരു ബോധിസത്ത്വന്റെ പേർ. അവിദ്യാന്ധർ=അജ്ഞാനത്താൽ (ഇരുട്ടിനാലെന്ന പോലെ) കണ്ണു കാണാതായിട്ടുള്ളവർ. അദ്ദേഹം സമചിത്തനായതുകൊണ്ട് അജ്ഞാനികളോടു തട്ടിക്കയെന്നതെ,-

കൈത്തിരി കാട്ടാവൂ ഞാൻ
താവകപ്രസാദത്താൽ!" 3

ഏവമദ്ദേഹം ഭക്ത്യാ
'തുഷിത' സ്വർഗ്ഗത്തിങ്കൽ
മേവുമാ മഹർഷിയോ-
ടുൾക്കാമ്പാലൃണത്തിങ്കേ,
ദ്യോവിൽനിന്നൊരു കാററ-
ങ്ങാ,ററിലെത്തരിമണ-
ലാവതില്ലാതാവണ്ണം
ചിന്നിച്ചു ചീററിപ്പാഞ്ഞു.
മൈത്രേയപ്രഭാവത്തിൻ-
പൈതലക്കൊടുംകാററു
പാർത്തലത്തിലേക്കാഞ്ഞു
ചാടിയിട്ടെല്ലാടത്തും,
ബ്രഹ്മാണ്ഡമണുമയം
തന്നെയായ്ത്തോന്നുംമാറു

ഒട്ടത്തു ജന്മത്തിലെങ്കിലും അവരെ അജ്ഞാനത്തിൽനിന്നു കരകേററാൻ സാധിക്കുട്ടെ എന്നു പ്രാർത്ഥിച്ചു.

4. 'തുഷിത' സ്വർഗ്ഗം—തുഷിതർ എന്ന ദേവകളുടെ സ്വർഗ്ഗം. അദ്ദേഹത്തിൻെറ പ്രാർത്ഥനയുടെ ഫലമായി ആകാശത്തുനിന്നു പെട്ടെന്ന് ഒരു കൊടുംകാററ് ചീററിയടിച്ചു, നദീതീരത്തിലെ മണലെല്ലായിടത്തും പറപ്പിച്ചു. മൈത്രേയപ്രഭാവത്തിൻെറ കുട്ടിയാണ് (മൈത്രേയപ്രഭാവത്താൽ ഉൽപാദിപ്പിക്കപ്പെട്ടതാണ്) ആ കൊടുംകാററ്; കുട്ടികൾ മണൽ വാരിക്കളിക്കുമല്ലോ. അണുജന്യമാണ് ബ്രഹ്മാണ്ഡ

വെണ്മണൽ വാരിക്കോരി-
ച്ചൊരിഞ്ഞു വിഹരിച്ചു,
കണ്ണിലും ചെവിയിലും
മൂക്കിലും മണൽകേറി
ദണ്ഡിച്ചു പൊറുതി കെ-
ട്ടാതതായികളെല്ലാം
'വായുദേവതകളെ-
ക്കീഴടക്കിയ മഹാ-
നായ മാന്ത്രികനങ്ങു-
ന്നിങ്ങു മദപ്പരുൾക്കെ'ന്നായ്
ആയുധം ദൂരത്തിട്ടു-
പ്പശുവിൻ കാല്ക്കൽദ്ദണ്ഡ-
പ്രായമായ് വീണാര,ന്നേ
തൊട്ടു നീതിയിൽ വാണാർ:
അവർതൻ ചേതസ്സിലെ-
ച്ചപ്പിലക്കൂട്ടം ചിക്കെ-
ന്നകലെപ്പറന്നുപോയ-
ക്കാററിലെന്നേ വേണ്ടു!

മെന്നത്രേ ശാസ്ത്രസിദ്ധാന്തം: ആതതായികൾ=കൊലയാളികൾ. ഇങ്ങനെ കാററു വീശിച്ചതിൽ ഇദ്ദേഹം വായുദേവതകളെ കീഴടക്കാൻ പോന്ന ഒരസാധാരണമാന്ത്രികനാണെന്നു കരുതി, കൊലയാളികൾ ആയുധം താഴെയിട്ടു അദ്ദേഹത്തിൻെറ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്തു. ചപ്പിലക്കൂട്ടം ചിക്കെന്നകലെപ്പറന്നുപോയ്—അവരുടെ മനസ്സിൽ അടിഞ്ഞുകൂടിയിരുന്ന ചപ്പുചവറുകൾ ആ കാററത്തു പറന്നുപോയതിനാൽ അവർ അന്നുതൊട്ടു മര്യാദക്കാരുമായി. സജ്ജനസംസർഗ്ഗത്തിൻെറ മാഹാത്മ്യം!

9. ഒരു വിവാഹോത്സവം

(കാകളി)

'ഇല്ല, കേട്ടില്ല പോർവട്ട'മെന്നു, ശിര-
സ്സെല്ലാം കുറുകെ വിറസ്സും കിഴവരും,
അമ്മിഞ്ഞ പിഞ്ചിളം ചുണ്ടാൽ നുകൻറുകൊ-
ണ്ടമ്മതന്നങ്കേ കിടക്കും കിടാങ്ങളും,
കുട്ടിയെക്കങ്കണകല്യാണഗാനത്തോടേ
തൊട്ടിലിലാട്ടും പുരന്ധ്രീജനങ്ങളും,
പാരിൻെറയുള്ളിൽനിന്നാഹാരമേന്തുവാൻ
പാടമുഴുതുന്ന കർഷകക്കൂട്ടരും;
നാനാവിധവ്യവസായപ്പുരകളിൽ
പ്രാണനെസ്സൂക്ഷിച്ച കൈത്തൊഴിലാളരും;
ആരോഗ്യമൌഷധക്കുപ്പിയിലുൾച്ചേർക്ക-
മാതുരൻ വാണ ചികിത്സാലയങ്ങളും;

1117 ഇടവമാസത്തിൽ എഴുതിയതു്.

"ഇല്ല, കേട്ടില്ല പോർവട്ട"മെന്നു്—കിഴവന്മാരുടെ തല വിലങ്ങത്തിൽ വിറസ്സുന്നതു കണ്ടാൽ, പോർവട്ടം (യുദ്ധോദ്യമം) കേട്ടില്ലെന്നു കാണിസ്സുയാണെന്നു തോന്നും. കങ്കണകല്യാണഗാനം=കൈവളക്കിലുക്കമാകുന്ന പാട്ടു്. പുരന്ധ്രീജനങ്ങൾ=കുടുംബിനികൾ. നാനാ..............ലാളരും ഫാക്ടറിത്തൊഴിലാൽ ജീവിസ്സുന്നവർ എന്നും ഭാവം. ദേവവേശ്മങ്ങൾ=ദേവാലയങ്ങൾ. ഭൂരി............ഫലങ്ങൾ=വളരെ നൂററാണ്ടുകളിലെ ചിന്തയുടെ ഫലങ്ങൾ; ശ്രേഷ്ഠഗ്രന്ഥങ്ങൾ. ലോകം.........എണ്ണത്തളങ്ങളും—എണ്ണത്തളങ്ങളെ

കോടികോടിപ്പണം കൊണ്ടു മഹാശില്പ-
മോടിയിൽത്തീർപ്പിച്ച ദേവവേശ്മങ്ങളും,
ഭൂരിശതാബ്ദവിചിന്താഫലങ്ങളെ-
ക്കോരിവിളമ്പിടും ഗ്രന്ഥഹർമ്മ്യങ്ങളും;
ലോകം ഭരിക്കുന്ന ശക്തിതൻ തൃക്കളി
പ്പൊയ്കകളെന്നെണ്ണുമെണ്ണത്തളങ്ങളും;
നാടുകൾതോറും മനുഷ്യർക്കു ജീവിത-
നാഡികളാകിയ വെള്ളക്കുഴൽകളും;
വന്മുതൽ പൂഴ്ന്നുകിടക്കും ഖനികളു-
മുന്മിഷത്സസ്യങ്ങളായ വയൽകളും;
സ്വർന്നഗരത്തെയ്ക്കുയന്ന സൌധങ്ങളും;
ദുർന്നരകത്തെയ്ക്കു ചാഞ്ഞ കുടിൽകളും—
എപ്പേരു, മെന്തുമുണ്ടെ,ങ്ങും ദഹിക്കുന്നു
ദുഷ്പ്രഭുത്വത്തിൻ പരാക്രമജ്വാലയാൽ.
നിശ്ശൂന്യമായ മരുപ്പരപ്പിങ്കലോ
വിശ്രമം കാണ്മൂ നീ സാമ്രാജ്യദാഹമേ?

ലോകം ഭരിക്കുന്ന ശക്തിയുടെ തൃക്കളിപ്പൊയ്കകളായി കല്പിച്ചിരിക്കുന്നു. ഉന്മിഷത്സസ്യങ്ങൾ=സസ്യങ്ങൾ മുളയ്ക്കുന്ന. സ്വർന്നഗരം=സ്വർഗ്ഗമാകുന്ന നഗരം. ദുർന്നി..............കളും= ദാരിദ്ര്യരോഗാദികളാൽ നരകയാതനയനുഭവിക്കുന്ന ചെററപ്പുരകൾ. മേല്പറഞ്ഞവയൊക്കെ, ഒന്നുപോലെ ദുഷ്പ്രഭുത്വത്തിൻെറ പരാക്രമത്തീയ്യാൽ വെന്തടിയുന്നുണ്ട്. ഇതു കണ്ടാൽ, സാമ്രാജ്യദാഹത്തിന്നു ശാന്തിവരിക മരുഭൂമിയിലാണെന്നു തോന്നും. മരുഭൂമിയിൽ എങ്ങിനെ ദാഹം തീരും?

II

നൂനം പ്രകൃതിയെക്കീഴടക്കിയെന്നഭി-
മാനിച്ച വിശപം മുടിയ്ക്കും വിദഗ്ദ്ധരേ,
തെല്ലുമൊന്നോർക്കാതിരിയ്ക്കപ്പുറപ്പെട്ടും
വെള്ളക്കയററമോ, മന്നിൻകുലുക്കമോ,
അഗ്നിശൈലത്തിൻ പിളർപ്പോ തടുക്കുവാൻ
ശക്തമോ, നിങ്ങൾതൻ വിജ്ഞാനവൈഭവം?
നീതി വിധിച്ചതാണാത്താവനത്തിനും
മാത്രരക്ഷയ്ക്കുമായുധധാരണം;
ഭ്രാതൃരാജ്യങ്ങളെച്ചുമ്മാ വെടിവെയ്ക്ക-
ലേതു തട്ടിപ്പറിശാസ്ത്രത്തിലുള്ളതോ?
വാനിൽപ്പറക്കാൻ ചിറകുകൾ കിട്ടിയ
മാനുഷവീരർതൻ കൊള്ളകൾ കാൺകയാൽ,
ശർവ്വരീദേവി പുറത്തെടുക്കില്ല, തൻ-
ദിവ്യരത്നങ്ങളെ മേലിലെന്നും വരാം!

II

സകലവസ്തുക്കളേയും ബോമ്പിട്ടും മററും വെണ്ണീറാക്കുന്ന ഈ വിദഗ്ദ്ധരുടെ അഭിമാനം, പ്രകൃതിയെ കീഴടക്കിയിരിയ്ക്കുന്നു എന്നാണല്ലോ; എന്നാൽ ഇവർക്കു യാദൃച്ഛികമായ ഒരു വെള്ളപ്പൊക്കത്തെയോ ഭൂകമ്പത്തെയോ അഗ്നിപർവ്വതം പൊട്ടിത്തെറിയ്ക്കുന്നതിനെയോ തടുക്കാൻ കഴിവുണ്ടോ! തങ്ങളുടെ വിജ്ഞാനം ലോകത്തിനുപകാരപ്രദമാക്കണമെന്ന് ഇവർക്ക് വിചാരമില്ല. ആത്താവനം=വലഞ്ഞവരെ രക്ഷിയ്ക്കൽ. ഭ്രാതൃരാജ്യങ്ങൾ=സഹോദരരാജ്യങ്ങൾ. തട്ടിപ്പറിശ്ശാസ്ത്രം—ഇതു സാധാരണശാസ്ത്രത്തിൽപ്പെട്ടതല്ലെന്ന്. ചിറകുകൾ—വിമാനം. ശർവ്വരീദേവി=രാത്രി. ദിവ്യരത്നങ്ങൾ=നക്ഷത്ര

നേതൃപദത്തിൽസ്സുഖേന വാണു ചില-
രേതും വിഴുങ്ങുമസ്സ്വാത്മപ്പിശാചിയെ
പ്രീതിപ്പെടുത്താൻ കുരുതി കുറുക്കുന്നു;
സാധുനാട്ടാരുടെ ജീവരക്തങ്ങളാൽ!
കാമിപ്പവരല്ല സോദരഹത്യയെ,-
ക്കോയ്മപ്രഭുക്കളേ, നിങ്ങൾ തന്നാളുകൾ;
പാരിച്ച ദാസ്യമാറാപ്പു മുതുകത്തു
പേറേണ്ടിവന്ന പൊതിക്കുന്നുകളവർ!

III

നിന്നുള്ളിലെ വിഷത്തീതന്നേ പോരെയോ,
മന്നാകെ വേകുവാൻ മാനുഷസപ്പമേ?
പിന്നെയെന്തിന്നു നീ ബാഹ്യമാകും വിഷം
ചിന്നിയ്ക്കുവത,തു പാഴ്ച്ചെലവല്ലയോ?

ങ്ങൾ. അത്ര ദുരയുന്മാരും തട്ടിപ്പറിക്കാരുമാണിവർ! നേതൃ.........ജീവരക്തങ്ങളിൽ=നേതൃസ്ഥാനത്തു കയറിയിരിക്കുന്ന ചിലർ. സ്വാത്മപ്പിശാചിനെ പ്രീതിപ്പെടുത്താൻ സാധുക്കളായ നാട്ടുകാരുടെ ജീവരക്തം കുരുതിയാക്കുന്നു. കോയ്മപ്രഭുക്കൾ=സാമ്രാജ്യപ്രഭുക്കൾ. കാമി.........തന്നാളുകൾ—സാധാരണ അന്യനാട്ടുകാർ സഹോദരരാണ്, അവരെ കൊല്ലണമെന്നാഗ്രഹമില്ല. പാരിച്ച...........കുന്നുകളവർ—നിങ്ങളുടെ ആജ്ഞയാൽ അവർ പൊതിക്കുന്നുകൾ പോലെ ദാസ്യ (പട്ടാള) മാറാപ്പു മുതുകത്തു ചുമക്കുന്നു എന്നു മാത്രം. അവർ ഗത്യന്തരമില്ലായ്കയാലാണ്, യുദ്ധം ചെയ്യുന്നത്.

III

നിന്നുള്ളിലെ......പാഴ്ച്ചെലവല്ലയോ—മനുഷ്യരുടെ ഉള്ളിൽത്തന്നെ ധാരാളം വിഷമുള്ള സ്ഥിതിയ്ക്കു, പുറംവിഷ

എങ്ങിനെയെങ്കിലും നേടിടേണം ജയ-
മെന്നോ ഭവാൻെറ രണസ്മൃതി ലോഭമേ?
എങ്കിൽ, വിവാഹം നടക്കട്ടെ നിർവ്വിഘ്നം,-
മങ്ങയുമജ്ജയലക്ഷ്മിയും തങ്ങളിൽ:
പട്ടമേലാപ്പിതാ, വാനമടച്ചി,ടം-
പെട്ട പീരങ്കിതൻ ധൂമപ്പടപ്പിനാൽ;
ഭൂതലം നീളെ മെഴുകിയിരിക്കുന്നു,
യോധർതൻ ഘോരയശ്ശ കുങ്കുമച്ചാറിനാൽ;
സുസ്ഥിതക്രവ്യാദഭുക്തശവങ്ങൾത-
ന്നസ്ഥിനുറുങ്ങുകളായ വെൺപൂവുകൾ
നന്നായ് വിരിച്ചുമിരിപ്പു; നൃശംസത്വ-
മെന്ന പുരോഹിതൻ കർമ്മസമാഹിതൻ

ങ്ങൾ (വിഷാണുക്കളുംമററും) ഉപയോഗിക്കുന്നത്, ഒരനാവശ്യച്ചെലവല്ലേ? രണസ്മൃതി=യുദ്ധധർമ്മശാസ്ത്രം. ലോഭം=ദുര. എങ്കിൽ......തങ്ങളിൽ എങ്ങിനെയെങ്കിലും ജയം നേടണമെന്നാണ്, നിൻെറ ധർമ്മശാസ്ത്രമെങ്കിൽ താങ്കളും ജയലക്ഷ്മിയും തമ്മിലുള്ള വിവാഹം തടസ്സമില്ലാതെ നടന്നുകൊള്ളട്ടെ. വിവാഹവിഭവങ്ങളെ വിവരിക്കുന്നു: വാനമടച്ച്=ആകാശം മുഴുവൻ. ഇടംപെട്ട=വിശാലമായ. ധൂമപ്പടപ്പിനെ പട്ടമേലാപ്പാക്കിക്കല്പിച്ചിരിക്കുന്നു. കല്യാണപ്പന്തൽ തെയ്യാറായിക്കഴിഞ്ഞു. ഭൂതലം=നിലം. യോധർ=പടയാളികൾ. സുസ്ഥിതക്രവ്യാദഭുക്തശവങ്ങൾ=സുഖംലഭിച്ച (പരുന്തുകൾ മുതലായ) മാംസഭോജികൾ തിന്ന ശവങ്ങൾ. നൃശംസത്വം=ക്രൂരത്വം. കർമ്മസമാഹിതൻ=ക്രിയയിൽ ശ്രദ്ധയുള്ളവൻ. പൌരോഹിത്യത്തിന്നു ക്രൂരത്വമെന്നവൻതന്നെ. പൂക്കളിർ

പൂക്കളിർച്ചെണ്ടുകൾ പോലുണ്ടുതാതിടം,
തോക്കുണ്ടു തട്ടിത്തെറിച്ചു പോർത്തൊപ്പികൾ,
കുഞ്ഞിനോടാ,ങ്ങളയോടു, കണവനോ-
ടഞ്ജസാ വേർപെട്ടു മാലാണ്ടു മങ്കമാർ
നെഞ്ഞത്തടിച്ചു നിലവിളിക്കുന്നതാം
മഞ്ജുമൃദംഗവാദ്യോന്മിളിതഗീതിയും,
ഗാത്രഭംഗങ്ങളാൽക്കേഴും ഭടരുടെ
നേത്രത്തിൽനിന്നു പനിനീർ പൊഴിക്കലും,
പെട്ടെന്നു തീയുണ്ടു വീണുകത്തും പല-
കെട്ടിടത്തിന്റെ വെടിക്കെട്ടുവേലയും,

......പോർത്തൊപ്പികൾ=ഭടന്മാരുടെ തൊപ്പികൾ. മഞ്ജു.... ഗീതിയും=മനോഹരമായ മൃദംഗവാദ്യത്തോടുകൂടിയ പാട്ട്. കുഞ്ഞുങ്ങൾ, സഹോദരന്മാർ, ഭർത്താവ് എന്നിവരോടു പെട്ടെന്നു വേർപെട്ടു ദുഃഖത്തിലാണ്ടു മങ്കമാർ നെഞ്ഞത്തടിച്ചു നിലവിളിക്കുകയാകുന്ന മനോഹരമൃദംഗവാദ്യത്തോടുകൂടിയ പാട്ടുമുണ്ട്. നെഞ്ഞത്തടിയെ മൃദംഗവാദ്യമായും നിലവിളിയെ ഗാനമായും രൂപണം ചെയ്തിരിക്കുന്നു. ഗാത്രഭംഗങ്ങളാൽ (ശരീരത്തിലെ ചതവുകളും മറ്റും) നിമിത്തം നൊന്തു കരയുന്ന പടയാളികൾ കണ്ണീർകൊണ്ടു പനിനീർ തളിക്കുന്നുമുണ്ട്. പെട്ടെന്നു.........വേലയും-തീ പിടിക്കുന്നതിന്നിടക്കു ചില പൊട്ടലും ചീറലും മറ്റും കേൾക്കുന്നതിനെ വെടിക്കെട്ടായി കല്പിച്ചിരിക്കുന്നു. പിണസ്സദ്യ=ശവംകൊണ്ടുള്ള സദ്യ. ഗൃധ്ര... കാകാദികൾ=കഴുകൻ, കുറുക്കൻ, പരുന്ത്, കാക്ക മുതലായവ. മത്തരായ്—തിമത്ത്, അവയുടെ പലവിധത്തിലുള്ള ശബ്ദ-

പുത്തൻ പിണനസ്സുദൃകൊണ്ടഭീതുപ്തരാം
ഗൃധ്രസൃഗാലകശേനകാകാദികൾ
മത്തരായ് ച്ചൊല്ലുന്ന മംഗളാശംസയും—
എത്ര കേമം ഹാ, ഭവദപിവാഹോത്സവം!

ങ്ങളെ വിവാഹമംഗളാശംസയായി കല്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഒരു വിവാഹത്തിനു വേണ്ടുന്ന എല്ലാ ഏപ്പാടുകളും ശരിയായിട്ടുണ്ട്. ഇങ്ങനെയുള്ള ഈ വിവാഹം എത്ര കേമം എന്നു ധാമ്മികമായ പരിഹാസം.

---

10. പെററമ്മേ, പ്രസീദ

(കേക)

ഇരിമ്പുരുപകളൊക്കും
കരിങ്കല്ലക്ഷണങ്ങൾ
നിറയ്ക്കപ്പെട്ടുള്ളൊരു
വണ്ടിയ്ക്കു നിരത്തിന്മേൽ,
രണ്ടു കാളകളുടെ—
വീഴ്പ്പു നിന്നിട്ടില്ലാത്ത
രണ്ടസ്ഥികൂടത്തിൻെറ—
പിന്നിലായ് നീന്തീ മന്ദം.
അസ്സാധുമൃഗങ്ങൾതൻ
വായിൽനിന്നാ,ത്മാവിങ്കൽ-
ദ്ദുസ്സഹമോളംതല്ലും
ഗ്ലാനിതൻ പതകളും,
അശ്രാന്തവൈവണ്ണ്യങ്ങ-
ളാ്യ കണ്ണുകളിൽനി-
ന്നശ്രുതോയവുമൊലി-
ച്ചിരുന്നു, ശാന്തം പാപം:

1117 വൃശ്ചികമാസത്തിൽ എഴുതിയതു്.

1. ഇരിമ്പു ....കഷണങ്ങൾ—ഇരിമ്പുകൊണ്ടുണ്ടാക്കിയ ഉരുപ്പികപോലെ വട്ടത്തിലുള്ള കരിങ്കല്ലക്ഷണങ്ങൾ. വീഴ്പ്പുനിന്നിട്ടില്ലാത്ത—മരിച്ചിട്ടില്ലെന്നേയുള്ളു; അത്രയികം ക്ഷീണിച്ചു വലഞ്ഞിരിയ്ക്കുന്നു. നീന്തീ മന്ദം—വണ്ടിയുടെ പോക്കു് അത്രയധികം പതുക്കെയായിരുന്നു. ഗ്ലാനി=വാട്ടം. ഓളംതല്ലും എന്ന വിശേഷണം ഗ്ലാനി ഒരു നദിപോലെ പരന്ന

പൊങ്ങിയും താന്നും കുന്നും
 നിവന്നും ചെരിവാന്നു-
മങ്ങിനെയിഴഞ്ഞുപോം
 മൂടിയില്ലാത്താ വണ്ടി,
തന്നുടെ ധുരീണർതൻ
 ജീവിതയാത്രാമാർഗ്ഗ-
ത്തിന്നുള്ള വൈഷമ്യത്തെ-
 ഘോഷിച്ചു ചക്രധ്വാനനാൽ.

ആ മലവെള്ളച്ചാൽപോ-
 ലുള്ള പാതയിലങ്ങി-
ങ്ങാമയെപ്പോലേ പൊന്തി-
 ക്കിടന്ന പാറത്തുണ്ടം,
വണ്ടിവട്ടിരിമ്പു ചു-
 ററുദ്ഗാഢമുരസുക-
കൊണ്ടതിക്രോധാലെന്ന-
 പോലവേ തീ പാളിച്ചു.

താണെന്നു ധ്വനിപ്പിക്കുന്നു. അശ്രാന്തവൈവർണ്യങ്ങൾ=തുടരെത്തുടരെ നിറംകെട്ടവ. അശ്രുതോയം=കണ്ണീർ. ധുരീണർ—വണ്ടിക്കാർ. വണ്ടിയുടെ ചക്രധ്വാനം (കെടകെടശബ്ദം)കേട്ടാൽ, അതു വണ്ടിക്കാരുടെ ജീവിതയാത്രയുടെ മാർഗ്ഗത്തിലുള്ള വൈഷമ്യത്തെ ഘോഷിക്കുകയാണെന്നുതോന്നും. ആമയെപ്പോലെ........പാറത്തുണ്ടം—മീതെയുണ്ടായിരുന്ന മണ്ണു പോയതിനാലാണ്, പാറക്കഷ്ണം വെളിപ്പെട്ടത്; വെള്ളച്ചാലിൽ ആമയുണ്ടാകുമല്ലോ. വട്ട്=ചക്രം. ഉദ്ഗാഢം—അമർത്ത്. വണ്ടിച്ചക്രങ്ങളുടെ ഇരിമ്പുചുററ് ആ പാറത്തുണ്ട

അരിശംകൊണ്ടെന്തുള്ളൂ,
 പാന്ഥർതൻ പാദങ്ങളെ-
പ്പുരുനോവേകി മുറി-
 പ്പെടുത്തും കാക്കശ്യമേ?,
ഇങ്ങാക്കു ദയ നിങ്കൽ-
 ച്ചട്ടയൊന്നിടുവിപ്പാ-
നി?-ങ്ങിന്നുയരഞ്ഞര-
 ഞ്ഞമ്പണം മാപാപി നീ! 1

നാലു കാളകൾ വേണം,
 കൽവണ്ടിയിതു നീക്കാൻ;
സ്ഥൂലമാം പശിയാലും
 ക്ലാന്തമീപ്പശ്രുയുഗ്മം;
കാലത്തേ തുടൎന്നു-
 മാവാമിപ്പണി;-ഹാ, ഹാ,

ത്തിന്മേൽ വല്ലാതെ ഉരസിയപ്പോൾ, അരിശം മുഴുത്തിട്ടെന്നപോലെ അതു തീപാളിച്ചു; ഇരിമ്പും കല്ലും കൂട്ടിയുരസിയാൽ തീ പുറപ്പെടുമല്ലോ. ഈ ക്രോധം നിഷ്ഫലമാണെന്ന്: വഴിയാത്രക്കാരുടെ കാലിനെ മുറിപ്പെടുത്തുന്ന മഹാപാപിയായ പരുക്കൻ കാക്കശ്യത്തോട് (കട്ടംകല്ലിനോട്) ആക്കെങ്കമ്പയുണ്ടാവും? നീ ചതഞ്ഞരായണമെന്നേ എല്ലാവരും പ്രാൎത്ഥിയ്ക്കൂ: ചട്ട—മണ്ണ് എന്നൎത്ഥം.

2. സ്ഥൂലം=തടിച്ചത് (വൎദ്ധിച്ചത്) പശി=വിശപ്പ്. ക്ലാന്തം=തളൎന്നത്. പശ്രുയുഗ്മം=രണ്ടു നാല്ക്കാലികൾ. ധുര്യന്തൽച്ചുതളിനെ......വണ്ടിക്കാരൻ—വണ്ടിക്കാരൻ ബീടിവലിച്ചു

കാലിടറെന്നൊരു കാലി-
വീഴ്കതാൻ ചെയ്തു മാര്ഗ്ഗേ!
ഭ്രുവിലേയ്ക്കുടൻ ചാടി-
യിറങ്ങീ, നരകത്തുണ്ടിൻ
മേൽവശത്തിരുന്നോ, രോ
ധൂമ്രനൂൽച്ചുരുളിനെ
വായ്‌വിടിത്തലപ്പിൽനി-
ന്ന, പ്പൊഴേ തുറക്കാൻപോം
രാവിരുൾക്കടയിലെ-
ക്കുയയ്ക്കും വണ്ടിക്കാരൻ;
തൻതലപ്പാവാം കീറ-
മുണ്ടഴിച്ചരക്കെട്ടിൽ-
ബ്ബന്ധിച്ചു, ഹിംസയ്ക്കായി-
ക്കച്ചകെട്ടിയ കയ്മൻ

ആകാശത്തേയ്ക്കു പുകവിട്ടിരുന്നതു, നൂൽച്ചുരുളിനെ അപ്പോൾ തുറക്കാൻ പോകുന്ന (അടുത്തുവരുന്ന) രാവിൻെറ ഇരുൾക്കടയിലെയ്ക്കുയയ്ക്കുന്നതായും കല്പിച്ചിരിയ്ക്കുന്നു. കീറമുണ്ടു് അരയിൽ കെട്ടിയതു ഹിംസയ്ക്കു കച്ചകെട്ടലാണു്! കയ്മൻ=ദുഷ്ടൻ. വീണിട...............മുടിക്കോലാൽ—ആയാൾ ആ മിണ്ടാപ്രാണിയെ പൊരാരിരെത്തല്ലിയതിനെ വിവരിയ്ക്കാൻ ആളാവാതെ അനുകമ്പാർദ്രനായ കവി അർദ്ധോക്തിയിൽ വിരമിയ്ക്കുന്നു. ക്ഷാണകി...................കൃഷിനാടേ—നൂററിൽ എണ്പത്തഞ്ചുവീതം ആളുകൾ കൃഷികൊണ്ടു ജീവിയ്ക്കുന്ന ഈ രാജ്യത്തിലെ ഗോരക്ഷ ഇമ്മട്ടിലാണു്! കള്ളമൂരി-കാള വീണതു കള്ളത്തരത്താലാണെന്നായിരുന്നു വണ്ടിക്കാരൻെറ അഭിപ്രായം. തച്ഛിലാഖണ്ഡങ്ങൾ=ആ (വണ്ടിയിലെ) കരിങ്കല്ലിൻക

വീണിടത്തിട്ടാ മിണ്ടാ-
　　പ്രാണിയെ മുടിങ്കോലാൽ—
ക്കാണുകിമ്മട്ടായ്പ്പോയ്, നിൻ-
　　ഗോരക്ഷ കൃഷിന്നാടേ!
തല്ലിയും ചവുട്ടിയും
　　കുത്തിയും കടിച്ചുമ-
ക്കള്ളമൂരിയെയയ്യവൻ
　　കൊല്ലാതെ കൊല്ലുംനേരം
കിളർന്നു തെളിബാഷ്പം
　　തച്ചിലാഖണ്ഡങ്ങൾക്കും,
തളന്ന രവിരശ്മി
　　പതിഞ്ഞ വെള്ളകളിൽ!
ആരുടെ നെട്ടയത്ത-
　　മാ പ്രഹത്താവിൻമെയ്യിൽ-

ഷണങ്ങൾ. തളന്ന രവിരശ്മി—സന്ധ്യാസൂര്യന്റെ രശ്മി. അസ്തമയസൂര്യന്റെ രശ്മി വെള്ളുകളിൽ പതിഞ്ഞപ്പോൾ ആ കരിങ്കല്ലിൻകഷ്ണങ്ങളിൽകണ്ട തിളക്കം ഈ ഘോരകൃത്യം കണ്ടിട്ട് അവയ്ക്കു കണ്ണീർ കിളുന്നതാണെന്നു കവിക്കു തോന്നി. കല്ലും കരയുന്ന ഒരു കടുംദ്രോഹമായിരുന്നു, അത്. പ്രഹത്താവ്=പ്രഹരിച്ചവൻ. ആരുടെ......................................മാംസമൊട്ടൊട്ടിച്ചിതോ_ ആ കാളയുടെ ഇളവില്ലാത്ത പ്രയത്നം കൊണ്ടാണല്ലോ അയാൾ ഉപജീവനം കഴിച്ചുപോന്നത്. അക്കാള..................................ച്ചെങ്കോലാക്കി= ആ കിഴവൻ കാളയുടെ ദേഹത്തിൽ ബാക്കിയുണ്ടായിരുന്ന അല്പമായ രക്തം പുരണ്ടു്, അയാളുടെ മുടിങ്കോൽ കൃതഘ്നതയുടെ 'ചെ-

ച്ചോരയൊട്ടോടിച്ചിതോ,
മാംസമിട്ടൊട്ടിച്ചിതോ,
അക്കാളക്കിഴവന്റെ
യല്പശേഷമാം രക്തം
നിഗ്ഗളിച്ചാ,യാൾ തൻകോൽ
കൃതഘ്നച്ചെങ്കോലാക്കി!
ആരക്തമൊരു ചാല-
ക്കുറുമ്പനെരുതിന്റെ
വാരിമേലുണ്ടായ്വന്നു
മുടിങ്കോൽപ്രഹരത്താൽ;
ആരിതിൻ ഛായാഗ്രാഹി:
പശ്ചിമദിക്കിൽക്കാണായ്,
വാരിമേൽസ്സന്ധ്യാരാഗ-
രേഖ ചേന്നൊരു മേഘം! 2

പണ്ടൊരു പശുക്കിടാ-
വുഴന്നു വലഞ്ഞതു
കണ്ടിട്ടു കണ്ണീർവാൎത്ത
വിൺപയ്യിന്നിതു കണ്ടാൽ

ങ്കോലായി അയാൾ കൃതഘ്നതയുടെ രാജാവായി! ചോര യൊലിയ്ക്കുന്നതുവരെ അയാൾ കാളയെ തല്ലി. ആരക്തം—ചു വന്നത്. എരുത്=കാള. ഛായാഗ്രാഹി=ഛായ എടുക്കുന്ന വൻ (ഫോട്ടോഗ്രാഫർ)പടിഞ്ഞാറെദ്ദിക്കിൽ കണ്ട സന്ധ്യാ രാഗരേഖ (അന്തിത്തുടുപ്പിൻവര) ചേന്ന മേഘം ഈ കാളയു ടെ ഛായയാണെന്നു തോന്നി. അടികൊണ്ട ചുകപ്പുവര ചേ

ചോരതാനൊലിയ്ക്കില്ലേ
    കണ്ണിൽനിന്നാ?–ഹാ ജീവ–
കാരുണ്യപ്പെരുമാൾതൻ
    പെററമ്മേ, പ്രസീദ നീ! 3

ന്ന കാളയും സന്ധ്യാരാഗരേഖ ചേന്ന മേഘവും തമ്മിലുള്ള സാമ്യം സ്പഷ്ടം.

3. വിൺപയ്യ്=കാമധേനു. ഇങ്ങിനെ ഒരിതിഹാസമുണ്ട്. ജീവകാരുണ്യപ്പെരുമാൾ—ബുദ്ധൻ.

11. ഇന്നത്തെ നിഘണ്ടുവിൽ

(കാകളി)

സംഹാരശക്തിയാൽ ഞെട്ടിവിറപ്പിച്ച
സിംഹത്തെയൂർജ്ജിതരാട്ടിയോടിക്കവേ,
ധാർഷ്ട്യാൽത്തലപൊക്കി 'മേമേ'വിളിക്കയായ്
മേട്ടിൽപ്പതുങ്ങിക്കിടക്കുന്ന കാട്ടാടുകൾ;
പാമ്പിനെദ്ധീരർ പണിപ്പെട്ടകററവേ
വീമ്പെടുത്താക്കാൻ തുടങ്ങി മേക്കാച്ചികൾ! 1

ഒന്നര നൂററാണ്ടുകാലം വിദേശ്യാജ്ഞ
സന്നതരായ്ച്ചൂടിനിന്ന സാമന്തരേ,
ഇന്നലെയോളവുമെങ്ങായിരുന്നു ചൊ-
ല്ലി,ന്നിങ്ങൾതൻ തനിസ്വാതന്ത്ര്യഘോഷണം?

1122 മിഥുനമാസത്തിൽ എഴുതിയത്.

1. സിംഹത്തെ—ബ്രിട്ടീഷ് സാമ്രാജ്യത്തെ. ഊർജ്ജിതർ=ഊർജ്ജസ്വലർ; ത്യാഗശീലരായ ഭാരതനേതാക്കൾ. കാട്ടാടുകൾ—കീഴ്‌രാജാക്കന്മാർ. മേമേ—ആടിൻ ശബ്ദത്തിന്റെ അനുകരണം; എനിക്കു്, എനിക്കു് എന്നും. മേക്കാച്ചികൾ=തവളകൾ. ബ്രിട്ടീഷാധിപത്യത്തെ അകററിക്കഴിഞ്ഞപ്പോൾ, കീഴരാജാക്കന്മാർ മുരച്ചുതുള്ളി നില്ക്കുകയായി.

2. ചില നാട്ടുരാജ്യങ്ങൾ, അവ സ്വതന്ത്രങ്ങളാണെന്നു പ്രഖ്യാപിക്കുകയുണ്ടായല്ലോ. ശീമപ്പണിത്തരച്ചങ്ങലക്കെട്ട്—ബ്രിട്ടനിൽ നിർമ്മിച്ച ചങ്ങലകൊണ്ടുള്ള കെട്ട്;

ശീമപ്പണിത്തരച്ചങ്ങലക്കെട്ടിൽനി-
ന്നീ മാന്യരെയെവർ വേറുപെടുത്തിയോ
അത്തീവ്രയത്നരിവക്കിന്നവജ്ഞാഹ-
രെ;-ത്ര ചിത്രം, നിൻചരിത്രം കൃതഘ്നതേ!
ഇമ്മഹാഭാഗർതൻ ദിവ്യരത്നോജ്ജ്വല-
പ്പൊന്മോതിരമിട്ട കൈകൾക്കനാരതം
അമ്മറുകോയ്മതൻ കാൽതലോടാം തൊഴാം;-
മമ്മയെപ്പൂജിയ്ക്ക പോരായ്മയാണുപോൽ! 2

ക്ഷോണിയെത്താങ്ങും ഫണീന്ദ്രന്റെ വംശജ-
രാണുപോൽ, പുല്ലിൽപ്പതിഞ്ഞ ഞാഞ്ഞൂളുകൾ,
താരങ്ങൾതൻ തറവാട്ടുകാരാണുപോൽ,
പാറിപറക്കുന്ന മിന്നാമിനുങ്ങുകൾ! 3

മേലിലിക്കീഴുന്നർ പൂർണ്ണാധികാരർപോൽ
മൌലിയിൽ സ്വേച്ഛാധിപത്യം വഹിയ്ക്കുവാൻ,
നാലുഭാഗത്തിലും മാമൂൽനടാൻ, ദീന-
പാലനവ്യഗ്രരെപ്പാഴ്ത്തുറുങ്കിലിടാൻ,

ബ്രിട്ടന്നു കീഴടങ്ങിയ നില. ഇവരെ വിദേശീയദാസ്യത്തിൽ നിന്നു പണിപ്പെട്ടു വേർപെടുത്തിയവരിൽ ഇവക്കു ബഹുമാനമല്ല, അവജ്ഞയാണുള്ളത്; എന്തൊരു കൃതഘ്നത! ഇമ്മഹാഭാഗർ.........പോരായ്മയാണുപോൽ—ഇവക്കു മറുനാടൻ സാമ്രാജ്യത്തിന്റെ കാൽ തലോടുക സമ്മതമാണ്. അമ്മയെ പൂജിയ്ക്കുക—ഭാരതമാതാവിനെ ആരാധിയ്ക്കുക—കുറച്ചിലാണത്രേ! ഭാരതത്തിലെ ഒരു സാധാരണ പൌരനായിരുന്നാൽ പോരാ എന്നാണ്, ഇവരുടെ ഭാവം.

3. ഫണീന്ദ്രന്റെ=അനന്തന്റെ വംശജർ=വംശത്തിൽപ്പെട്ടവർ. ഇവർ സ്വവംശമഹിമയും മററും ശ്ലാഘിയ്ക്കുന്നു.

ബാലവൃദ്ധാദ്യരെപ്പോലും കരിക്കഴി-
വേലയ്ക്കു നിർത്താൻ, പടയ്ക്കുമയയ്ക്കുവാൻ,
വേലികെട്ടിന്നും നികുതി പതിയ്ക്കുവാൻ,
വൈലിനും കാററിനും ചുങ്കം ചുമത്തുവാൻ!
നാട്ടാരുടെയല്ല, 'നാടെന്റെയാണെ'ന്ന
നാട്യത്തോടും ഞെളിയുന്ന രാജത്വമേ,
തൃക്കിരീടത്തിൻ കടുത്ത കനം ഞെക്കി
ഞെക്കിഞെരിച്ചിതോ, നിൻതലച്ചോറിനെ? 4
പാവനത്യാഗരാം നേതാക്കൾ പാടുപെ-
ട്ടേവക്കുവേണ്ടിയോ നേടി വിമുക്തിയെ
ആ നാല്പതു കോടിയാളുകളിൽപ്പെട്ടും,
ഹേ നാടുവാഴിപ്രഭുക്കളേ, നിങ്ങളും
പൂതപ്രഭാവരാം പുത്രർതൻ ചെയ്തിയാൽ
മാതൃഭൂവിന്നു ലഭിച്ച വിഭൂതിയെ
പ്രീതിപൂണ്ടൊപ്പം ഭുജിയ്ക്കാം; ദുരാശയാൽ
വീതിച്ചെടുക്കാൻ വഴക്കടിയ്ക്കായ്ക നാം. 5

4. ഇവരുടെ നാടുവാഴ്ചയാലുള്ള കെടുതികളെ ഓരോന്നായി വിവരിച്ചിരിയ്ക്കുന്നു. തൃക്കിരീട.....തലച്ചോറിനെ—തലച്ചോറിന്ന് വലിയ ചതവുപററാതെ "നാട് എന്റെയാണ് നാട്ടുകാരുടെയല്ല" എന്നു ഞെളിയാൻ തോന്നില്ലല്ലോ.

5. പാവനത്യാഗർ=പരിശുദ്ധമായ ത്യാഗത്തോടുകൂടിയവർ. നാല്പതുകോടി ആളുകളിൽപ്പെട്ടവർതന്നെയാണ് നാട്ടുരാജാക്കന്മാരും എന്ന്. വിഭൂതി=ഐശ്വര്യം. സ്വാതന്ത്ര്യത്താൽ കൈവന്ന ഐശ്വര്യത്തെ നാട്ടുകാരോടൊപ്പം അനുഭവിയ്ക്കാം,

ആലംബമെന്തു പഴഞ്ചരാം നിങ്ങൾക്കു,
മേലാളിമാരായ് നിവന്നനില്പാനിനി:
മാലോകർ തന്ന ചെംകോലവരെത്തരം-
പോലിട്ടടിച്ചിട്ടൊടിഞ്ഞുപോയില്ലയോ?
ശാസ്ത്രജ്ഞർ പൂൎവ്വം പ്രതിഷ്ഠിച്ച ഭൂപർതൻ
ഗോത്രജരെങ്കിലി, സ്സിംഹാസനങ്ങളിൽ
പേത്തുമനങ്ങാതിരുന്നുകൊൾവിൻ സുഖം;
ക്ഷേത്രപീഠങ്ങളിലീശ്വരർ പോലവേ.
'പ്രത്യക്ഷദൈവതം രാജേ'തിഭാഷിതം
പ്രത്യക്ഷരം ശരിയായിരിക്കാം പുരാ;
അദ്ദശ നേർമറിച്ചായ്പ്പോയ്: മനുഷ്യത്വ-
മർദ്ദകൻ മന്നനി,ന്നേത്തെ നിഘണ്ടുവിൽ! 6

6. ആലംബം=താങ്ങ്. മാലോകർ.........പോയില്ലയോ—നാട്ടുകാർ കൊടുത്തതാണ് ചെങ്കോൽ; അതുകൊണ്ടു തന്നെ ഇവർ അവരെ തല്ലാൻ (ദ്രോഹിപ്പാൻ) തുടങ്ങി. ആ അനീതിമൂലം ചെങ്കോൽ ഒടിഞ്ഞുകഴിഞ്ഞു. ശാസ്ത്രജ്ഞന്മാർ= നീതിജ്ഞർ. ദേവതാപ്രതിഷ്ഠാവിധിജ്ഞരെന്നും. ഗോത്രജർ=ഗോത്രത്തിൽ പിറന്നവർ. ക്ഷേത്ര......പോലവേ—മററുള്ളവരെ ഉപദ്രവിക്കാതെ, ഈശ്വരവിഗ്രഹങ്ങൾപോലെ അനങ്ങാതെ സുഖമായി ഇരുന്നുകൊൾവിൻ. "പ്രത്യക്ഷ..... ഭാഷിതം......" രാജാവു പ്രത്യക്ഷദൈവമാണെന്ന ചൊല്ല് പണ്ട് അക്ഷരംപ്രതി ശരിയായിരിക്കാം. ആ സ്ഥിതി ഇന്നു പാടേ മാറിപ്പോയി; ഇന്നത്തെ രാജാവ് എന്നുവെച്ചാൽ, മനുഷ്യത്വത്തെ മർദ്ദിക്കുന്നവൻ എന്നാണർത്ഥം.

12. നിലനില്പ്

(അന്നനട)

അതിഘോരം രണമവസാനിച്ചുയാ-
ലനീകസംകേതങ്ങളിൽ നിന്നന്നന്നായ്
പിരിച്ചയക്കപ്പെട്ടുപാഗതന്മാരാം
തരുണകേരളപ്പടയാളികളേ,
ഒരിക്കൽക്കൂടി നമ്മുടെ മാതൃക്ഷിതി
വിരിച്ചു, വീരസൂപ്രശസ്തി നിങ്ങളിൽ!
സ്വാരാജ്യത്തിൻ മാനം സദാ പുലർത്തിക്കൊ-
ണ്ടിരുന്ന പൂർവ്വകരുടെ വീരരക്തം
കുറച്ചൊക്കെയിന്നുമിരിപ്പുണ്ടു വററാ-
തെരിയ നിങ്ങൾതൻ വപുസ്സിരകളിൽ.
കരയിലുമലകടലിൽ വാനിലും—
പൊരുതി നിങ്ങൾതൻ പൊലിമ കാണുകയാൽ,—

1122 കന്നിമാസത്തിൽ എഴുതിയത്.

രണം—രണ്ടാം ലോകമഹായുദ്ധം. അനീകസംകേതങ്ങൾ=പടപ്പാളയങ്ങൾ. ഉപാഗതന്മാർ=വന്നവർ (പിരിച്ചയക്കപ്പെട്ട പട്ടാളക്കാർ) ഒരി......നിങ്ങളാൽ—നിങ്ങളുടെ യുദ്ധസാമർത്ഥ്യത്താൽ വീണ്ടും കേരളത്തിന്റെ പ്രശസ്തി ലോകമെങ്ങും പ്രചരിച്ചു. സ്വരാജ്യ......സിരകളാൽ—യുദ്ധസാമർത്ഥ്യത്തിൽ പേരു കേട്ട കേരളീയപൂർവ്വകരുടെ രക്തം നിങ്ങളുടെ ശരീരത്തിലെ ഞെരമ്പുകളിൽ ഇപ്പോഴും വററാതെ നില്പുണ്ടെന്നു തെളിഞ്ഞു; ആശ്വാസകരംതന്നെ. കരയിലും......

പുതുപടപ്പയററിനു മുമ്പരെന്ന
മദം വെള്ളക്കാരെക്കൊട്ടിറങ്ങിയിട്ടുണ്ടാം;
കറുപ്പിൻെറ കേററം വെളുപ്പിനെയൊരു
വിളപ്പാക്കിച്ചമച്ചിരിക്കാമപ്പോരിൽ;
കിഴക്കിൻെറ ചോരത്തിളപ്പിൽ മേക്കിനു
കിളത്തിരിക്കുമിത്തിരിയിരുൾനിറം!
നഭസി പീരങ്കിപ്പുകമറവിൽനി-
ന്ന,ഭംഗമാം യുഷ്മന്നിശാഹവശൌര്യം
തരളതാരകമിഴികളാൽ നുക-
ന്നിരിക്കു,മപ്പപ്പോൾ വരാപ്സരസ്ത്രീകൾ!

വാനിലും—കര-കടൽ-വ്യോമയുദ്ധങ്ങളെന്നർത്ഥം. പുതുപട ......റങ്ങിയിട്ടുണ്ടാം—ഇന്നത്തെ പുതിയ യുദ്ധമുറയിൽ തങ്ങളാണ് മുമ്പരെന്ന വെള്ളക്കാരുടെ ഡംഭ് കുറച്ചിറങ്ങിട്ടുണ്ടാവാം. കറുപ്പിൻെറ—ഏഷ്യക്കാരെ കറുത്തവരെന്നാണല്ലോ വർഗ്ഗഡംഭുള്ള വെള്ളക്കാർ പറയാറ്. കറുപ്പിൻെറ......കേററം .....മപ്പോരിൽ—കറുപ്പന്മാരായ ഏഷ്യക്കാർ ഈ യുദ്ധത്തിൽ കേറിത്തല്ലിയതുകണ്ട് അമ്പരന്നു വെള്ളക്കാർ വിളുത്തുപോയിരിക്കാം. കറുപ്പു വെളുപ്പോടു ചേന്നാൽ വിളപ്പു തോന്നുമല്ലോ. കിഴക്കിൻെറ......ഇരുൾനിറം—കിഴക്കു ഉദിച്ചാൽ പടിഞ്ഞാറു കറുക്കുമല്ലോ. ഏഷ്യാരാജ്യങ്ങളിൽ സൂര്യോദയമായാൽ, പടിഞ്ഞാറൻ രാജ്യങ്ങളിൽ ഇരുട്ടാവുമല്ലോ. രണ്ടാം ലോകമഹായുദ്ധത്തിന്നിടയിൽ ഏഷ്യാരാജ്യക്കാക്കിടയിൽ വളന്നുവന്ന സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെയും, അവരെ അടിമപ്പെടുത്തിവെച്ചിരുന്ന യൂറോപ്യൻരാജ്യങ്ങൾക്കു തന്മൂലമുണ്ടായ ഇടിച്ചലിനെയും സൂചിപ്പിച്ചിരിക്കുന്നു. നഭസ്സിൽ=ആകാശത്തിൽ. അഭംഗം=ഇടവില്ലാത്തത്. നിശാഹവശൌര്യം=രാത്രിയുദ്ധത്തിലെ ശൌര്യം. തരളതാരക

കെട്ടനാസിസഫാസങ്ങളെക്കെല്ലാൽ-
പ്പൊടിനീറാക്കിയ സുഹൃൽക്കോയ്മകളാൽ
നടപ്പെട്ട ജയക്കൊടികളെദ്ദിവി
നടനമാടിച്ച പടുനട്ടുവരിൽ
അതുച്ഛമാം സ്ഥാനം ഭവാന്മാർതന്നടർ-
ക്കിതപ്പിനുമുണ്ടെന്നഭിമാനിപ്പൂ ഞാൻ! 1
ഒരു കണക്കിൽക്കെട്ടടങ്ങി, വിശപ്പത്തെ-
യെരിച്ച തീയ്യാമപ്പുകംപട;-യെന്നാൽ
ഒരു യുദ്ധമുണ്ടു-വീറുതിതൻ യുദ്ധം—
മുറുകി നില്ക്കുന്നു, ഭവാന്മാർതൻ നാട്ടിൽ:

മിഴികൾ=തിളങ്ങുന്ന നക്ഷത്രങ്ങളാകുന്ന കണ്ണുകൾ. വരാപ്സര സ്ത്രീകൾ=ശ്രേഷ്ഠകളായ ദേവസ്ത്രീകൾ. ആകാശത്തിൽ പീരങ്കിപ്പടയുടെ മറവിൽനിന്ന് (മനുഷ്യർ കാണാതിരിക്കാൻ മറഞ്ഞുനിന്ന്) നിങ്ങൾ കാണിച്ച യുദ്ധപരാക്രമങ്ങളെ ദേവസ്ത്രീകൾ സകൌതുകം നോക്കിക്കൊണ്ടിരിക്കും. വളരെ വളരെ യുദ്ധങ്ങൾ കണ്ടിട്ടുള്ള അപ്സരസ്ത്രീകൾക്കുകൂടി നോക്കിനില്ക്കാൻ തോന്നത്തക്കവിധത്തിലുള്ളതായിരുന്നു, നിങ്ങളുടെ യുദ്ധപരാക്രമമെന്ന്. നക്ഷത്രങ്ങളെ ദേവസ്ത്രീകളുടെ കണ്ണുകളായിക്കല്പിച്ചിരിക്കുന്നു. സുഹൃൽക്കോയ്മകൾ—ബ്രിട്ടൻ, അമേരിക്ക, റഷ്യ എന്നീ മിത്രരാജ്യങ്ങൾ. ദിവി=ആകാശത്തിൽ. പടുനട്ടുവർ=മിടുക്കന്മാരായ നൃത്താചാര്യന്മാർ. അതുച്ഛം=നിസ്സാരമല്ലാത്തത്. കെട്ടളിഞ്ഞ നാസിസത്തെയും ഫാസിസത്തെയും തോല്പിച്ച മിത്രരാജ്യങ്ങൾ ആകാശത്തിൽ പാറിച്ച ജയക്കൊടികൾ നൃത്തം ചെയ്യുന്നത്, പടയാളികളുടെ കിതപ്പാലാണ്—അതിൽ നിങ്ങളുടെ അടർക്കിതപ്പിന്നും ഒരു പങ്കുണ്ട്—അതിന്ന് എന്റെ നാട്ടുകാരായ നിങ്ങളും പൊരിഞ്ഞ യുദ്ധം വെട്ടിയിട്ടുണ്ടെന്നതിൽ എനിക്കഭിമാനമുണ്ട്.

പരാക്രമിയാമിപ്പരിപന്ഥി ചാട്ട-
മറുപട്ടിണിയാം കൊടുംതീയ്യുണ്ടയാൽ
എരിപൊരിക്കൊള്ളാതെവനെവനി?-യ്യോ,
വെറും മൃതപ്രായം ഭവൽപ്രിയരാജ്യം!
ഭടമാറാപ്പിനാൽ മുഴച്ചിരുന്നതാം
ഭവൽപൃഷ്ഠത്തിൽ മറെറാരു മഹാഭാണ്ഡം—
സ്വമാതൃഭൂദൈന്യനിവാരണഭാരം-
ച്ചുമത്തപ്പെട്ടിതു ദശാവൈശസത്താൽ!
വെടിവെച്ചാലൊരു ചെറുപോറൽ പോലും
പെടുകില്ലിപ്പിശാചിൻ യോദ്ധാക്കളേ;

2. ലോകത്തെ മുഴുവൻ ചുട്ടെരിച്ച (ബോംബേറിനേയും മററും വ്യഞ്ജിപ്പിക്കുന്നു.) തീയ്യാകുന്ന ആ യുദ്ധം ഒരുവിധത്തിൽ അവസാനിച്ചു; പക്ഷേ ഇതാ മറെറാരു യുദ്ധം—ക്ഷാമമാകുന്ന യുദ്ധം—നിങ്ങളുടെ നാട്ടിൽ കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. പരിപന്ഥി=ശത്രു. തീയ്യുണ്ട=ബോമ്പ്. ക്ഷാമം പട്ടിണിയാകുന്ന ബോംബേറിയുന്നു; ഇതിൽ വെന്തുപോകാത്ത ഒരു ജീവജാലവുമില്ല. ഭവൽപ്രിയരാജ്യം=നിങ്ങൾക്ക പ്രിയപ്പെട്ട രാജ്യം, കേരളം. ഭട...മുഴച്ചിരുന്നതാം—ഇതേവരെ പട്ടാളമാറാപ്പുകൊണ്ടു മുഴച്ചതായിരുന്ന നിങ്ങളുടെ പുറം. ഇപ്പോൾ ഇതാ മറെറാരു മഹാഭാണ്ഡം—സ്വമാതൃഭൂദൈന്യനിവാരണഭാരം (തങ്ങളുടെ മാതൃഭൂമിയുടെ ദൈന്യ(ദാരിദ്ര്യ)ത്തെ തടുക്കുകയാകുന്ന ഭാരം) ചുമത്തപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക വിശ്രമിക്കാനിടയായിട്ടില്ല. ദശാവൈശസം ദശാ(കാല)ദോഷം. വെടി......യോദ്ധാക്കളേ—ഈ ശത്രു സാധാരണ ശത്രുവല്ലെന്ന്. വെടിവെച്ചുകൊല്ലാൻ കഴിയില്ല; ഈ ശത്രുവിനെ നശിപ്പിക്കാൻ—നമ്മുടെ കുലായുധമായ തൂമ്പ (കൈ

ഝടിതി പഞ്ഞത്തിൻ കഴുത്തു കൊത്തുവാ-
നെട്ടക്ക, തുമ്പയാം കുലായുധം തന്നേ,
പതറാതെ തോക്കു പിടിച്ച കൈകൾക്കു
പതിർപോലെ കല്ലോട്ടതിലഘു വല്ലീ?
അതു വിനാശക;മിതോ വിധായകം:
ഹതിയല്ല, പാരിന്നിതം സൃഷ്ടിയത്രേ. 2

ലളിതജീവിതപരർ നിങ്ങൾക്കിങ്ങു
വളരെയുണ്ടല്ലോ, തരിശുഭൂമികൾ
തെളിവിഭൂതിയെത്തരുവാനായ് ക്കൊത്തും-
കിളയുമിച്ഛിച്ചു കിടക്കുന്നു ചുററും.
കുലധമ്മം കൃഷിത്തൊഴിൽ നമുക്കെല്ലാം:
നിലങ്ങളോ, നാനവിഭവഗർഭങ്ങൾ—

ക്കോട്ട)തന്നെ വേണം. കൈക്കോട്ടെടുത്തു കിളച്ചു കൃഷിചെയ്തു്, നാട്ടിലെ പട്ടിണിയവസാനിപ്പിയ്ക്കണമെന്നഭിപ്രായം. ലഘു=കനമില്ലാത്തതു്. അതു്=തോക്കു്. വിനാശകം=നശിപ്പിയ്ക്കുന്നതു്. ഇതോ, കൈക്കോട്ടാകട്ടേ, വിധായക(സൃഷ്ടിയ്ക്കുന്നതു്)മാണു്. ഹതി=സംഹാരം. ഇതം=ഹിതം (ഇഷ്ടം); ലോകത്തിന്നു സംഹാരമല്ല, സൃഷ്ടിയാണു് ഇഷ്ടം.

3. ലളിതജീവിതപരർ=ലഘുജീവിതത്തിൽ താല്പര്യമുള്ളവർ. വിഭൂതി=ഐശ്വര്യം. തരിശുനിലങ്ങൾ തെളിഞ്ഞ ഐശ്വര്യത്തെ പ്രദാനം ചെയ്യാനായി, കൊത്തും കിളയും ഇച്ഛിച്ചു കാത്തുകിടക്കുകയാണു്; നിങ്ങൾ ഒരുങ്ങുകയേ വേണ്ടൂ. നാനാവിഭവഗർഭങ്ങൾ=ഉള്ളിൽ (അടിയിൽ) പലതരം വിഭവങ്ങളുള്ളവ. അലജ്ജർ=ലജ്ജയില്ലാത്തവർ ഇരപ്പുകൈകൾ=ഭിക്ഷയാചിയ്ക്കുന്ന കൈകൾ. നമ്മുടെ നാട്ടിൽ നാ

അലജ്ജരായന്യധനങ്ങൾതൻ മുന്നിൽ
മലർത്തുന്നതെന്തിന്നി,രപ്പുകൈകൾ നാം?
പണിയില്ലാത്ത കയ്യു,നാഹാരം വയ-
റ,നക്ഷരം മുഖ,മസംസ്കാരം മനം—
ഇനിമേലിൽക്കാണാകരുതിതൊന്നുമേ,
മനിഷിമാരുടെ മലയാളനാട്ടിൽ.
സുഭിക്ഷത്തിൻ മുള വളർപ്പതേ കൃഷി;
സുഖങ്ങൾ നെയ്യെട്ടപ്പതേ വ്യവസായം;
ഭവ്യകങ്ങൾ നിരത്തലേ വണിക്ക്ചര്യ;-
ഇവ മൂന്നിലത്രേ, നിലനില്പു ലോകം.

നാവിഭവങ്ങൾ വിളയുന്ന നിലങ്ങൾ ഉണ്ടായിരിക്കെ, അന്യധനങ്ങൾക്ക് (മററുള്ളവരുടെ വിഭവങ്ങൾക്കായി) നാം നാണമില്ലാതെ എന്തിന്നു കൈനീട്ടണം? മനീഷിമാർ=ബുദ്ധിമാന്മാർ. പണിയില്ലാത്ത കയ്യ്, ആഹാരമില്ലാത്ത വയറ്, അക്ഷരാഭ്യാസമില്ലാത്ത മുഖം സംസ്കാരമില്ലാത്ത മനസ്സ് ഇതൊന്നും ബുദ്ധിമാന്മാരുടെതായ ഈ മലയാളനാട്ടിൽ ഉണ്ടാകാൻ പാടില്ല. ബുദ്ധിയുപയോഗിച്ചു നാട്ടിലെ തൊഴിലില്ലായ്മയെയും മററു നീക്കണം. സുഭിക്ഷം=ഐശ്വര്യം. കൃഷി ഐശ്വര്യത്തെ മുളപ്പിച്ചു വളർത്തുന്നു; കൈത്തൊഴിൽ സുഖങ്ങളെ നെയ്യെടുക്കുന്നു—നൂൽനൂൽപ്പും നെയ്ത്തും മററും സുഖത്തെ വളർത്തുന്നതാണ്; വണിക്ചര്യ (വാണിജ്യം, കച്ചവടം) ഭവ്യകങ്ങൾ (നന്മകൾ) നിരത്തിവെയ്ക്കുന്നു. കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയിലാണ് ലോകം നിലനില്ക്കുന്നത്; ഇവയിലേതിലെങ്കിലുമേർപ്പെടാൻ പിരിഞ്ഞുവന്ന പട്ടാളക്കാരോട് കവി ഉപദേശിക്കുന്നു.

—ജി. കെ. സി.

സാഹിത്യമഞ്ജരി

8

വള്ളത്തോൾ

Indic Digital Archive Foundation
gpura.org